
Aurora
LITTLE KITES
DIGITAL
MAGAZINE
PROVIDENCE GIRLS HSS


rovidence can provide
ovidence did provide
ovidence will provide
nost merciful
d all provident God,
our prayers
d grant our petitions
Amen



***Mother Mary Veronica*: of the passion foundress of Apostolic Carmel**

# OUR SCHOOL



# MESSAGE



This magazine is one of the unique steps taken by our Institution to motivate the young minds in the field It . I believe that this provides a platform where each one in the LITTLE KITES gets a chance to identify the hidden talents and work towards polishing the technical skills .Let these little kites turns into stars sharing their upgraded skills and knowledge among others . May this chain of spreading of lights keep continuing .

**HEADMISTRESS**
**SR. JASMINE E.A**



## ആശംസകൾ

സർഗവാസനയും സാങ്കേതികവിദ്യയും കൂടിച്ചേർന്ന അപൂർവതയാണ് ഈ സുന്ദര കലാസൃഷ്ടി. കുരുന്നുകളുടെ ഹൃദയത്തുടിപ്പുകൾ ഉൾക്കൊണ്ട ഡിജിറ്റൽ മാഗസിൻ 'AURORA 'കാലയവനികക്കുള്ളിൽ മറയപ്പെടാതെ സർഗ്ഗ ശേഷിപ്പുകളായി നിലകൊള്ളട്ടെ എന്ന് ആഗ്രഹിക്കുന്നു . ഈ സുന്ദര സൃഷ്ടിയുടെ പൂർണ്ണതയിലേക്ക് പ്രയാണം നടത്തിയ ലിറ്റിൽ · കൈറ്റസ് അംഗങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

SITC

ശ്രീമതി റെയ്സി . കെ.ജെ

## എഡിറ്റോറിയൽ ബോർഡ്

ഹെഡ്മിസ്ട്രസ്സ് : സിസ്റ്റർ. ജാസ്മിൻ ഇ എ

ചീഫ് എഡിറ്റർ : ശ്രീമതി .റെയ്സി കെ ജെ

അസോസിയേറ്റ് എഡിറ്റർ : നീനു ഫ്രാൻസിസ്

സ്റ്റുഡൻറ് എഡിറ്റർ : കുമാരി സൻഹ റഫാൻ

കുമാരി ദേവപ്രിയ കെ

കുമാരി ലിയാന അബ്ദുൾ

കുമാരി പാർവ്വതി നമ്പ്യാർ

കുമാരി ലുബാബ സായ്



# LITTLE KITE MEMBERS

# എഡിറ്റോറിയൽ

ഇന്നലെകളുടെ ഓർമകളിൽനിന്ന് ഇന്നത്തെ ചായത്തിൽ മുക്കി നാളെ ചിത്രം വരയ്ക്കുന്ന കലാകാരന്മാരാണ് മനുഷ്യർ. ഈ ആധുനിക ലോകത്ത് വിവരസാങ്കേതിക വിദ്യയിൽ വിദഗ്ധരായ വിദ്യാർത്ഥികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്കൂൾ തലത്തിൽ ആരംഭിച്ചതാണ് ലിറ്റിൽ കൈറ്റ്സ്. കുഞ്ഞു മനസുകൾ ആശയ സമൃദ്ധമാണ്. ആ സമൃദ്ധിയെ സർഗാത്മകമാക്കിയവരാണ് ഇതിന്റെ ശില്പികൾ. അവരുടെ ഇന്നലെകളിലെ ഓർമകളും ഇന്നുകളുടെ ആകുലതകളും നാളെകളുടെ സ്വപ്നങ്ങളും എല്ലാം എല്ലാം അക്ഷര പൂക്കളും വർണ്ണ ചാർത്തുകളുമായി ഈ മാഗസിന് ജന്മം കൊണ്ടിരിക്കുന്നു. ഈ കൂട്ടായ്മയുടെ ആദ്യ ബാച്ചിലെ ഒരുപറ്റം വിദ്യാർത്ഥിനികളായ ഞങ്ങൾ നിങ്ങൾ ഓരോരുത്തർക്കും വേണ്ടി  തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ “Aurora "സമർപ്പിക്കുകയാണ്. കാന്താകർഷണം ചുറ്റുമുള്ള വെളിച്ചം എന്നതുപോലെ ഞങ്ങളീ സമർപ്പിക്കുന്ന ഇ-മാഗസിൻ തികച്ചും ഉപയോഗപ്രദവും ഒരു പ്രചോദനവും ആയിത്തീരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അറിവിന്റെ നേർവഴി നിങ്ങൾക്കുമുന്നിൽ തുറന്നുകാട്ടുന്ന സൃഷ്ടിയായി മാറട്ടെ ഇ-മാഗസിൻ.

സ്റ്റുഡന്റ് എഡിറ്റർ: കുമാരി സൻഹ

# താളുകളിലൂടെ

പ്രോവിഡൻസ് സ്പന്ദനം
സൈടെക്-2018.
വിശ്വരൂപം
ഓർമ്മച്ചെപ്പ്
പ്രളയം
മധുരം മലയാളം
എൻ വിദ്യാലയം
കിനാപ്പൂക്കൾ.
സുഹൃത്ത്
യാത്രാവിവരണം
നഷ്ടങ്ങളിലെ പ്രകാശം
വിലമതിക്കാനാവാത്ത ബന്ധങ്ങൾ
ലിംഗ സമത്വം
പ്രകൃതി കാമുകൻ
നിന്നെ ഞാൻ എന്തു വിളിക്കും
ആ തണലിൽ
puzzle
what has original beauty.
Breeze
puzzle
നിറങ്ങളുടെ ലോകം
കൃതജ്ഞത

# പ്രോവിഡൻസ് സ്പന്ദനം

കൂടുതൽ ഉയരവും ദൂരവും താണ്ടി യാഗാശ്വത്തെ പോലെ കുതിച്ചുകൊണ്ട് എല്ലാമേഖലകളിലും വൈജയന്തി ഏന്തി ശോഭിക്കുന്ന പ്രൊവിഡൻസിന്റെ ഊർജ്ജം, കുതിപ്പിന്റെ ശക്തി, എല്ലാം ഒത്തൊരുമയോടെ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകളാണ്.

പെൺ കരുത്താണ് സമൂഹത്തിന്റെ ജീവൻ എന്ന് മനസ്സിലാക്കിയ അപ്പസ്തോലിക് കാർമൽ സഭ 1918 ആരംഭിച്ചതാണ് പ്രൊവിഡൻസ് എന്ന വിദ്യാകേന്ദ്രം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമേഖലകളിൽ പ്രഗത്ഭരെ സംഭാവനചെയ്ത് സായൂജ്യമടയുന്നു. മദർ വെറോണിക്കയാൽ സ്ഥാപിതമായ അപ്പസ്തോല്ക കാർമൽ സഭയുടെ പൊൻതൂവലായി പ്രൊവിഡൻസ് വിരാജിക്കുന്നു. അതെ ever hope full എന്ന മുദ്രാവാക്യവുമായി, ദൈവ പരിപാലന എന്നർത്ഥമുള്ള പ്രൊവിഡൻസ് ഉയർച്ചയുടെ പാതയിൽ ഫീനിക്സിനെപ്പോലെ പറന്നുയരുന്നു. പ്രവേശനോത്സവത്തോടെ ആരംഭിച്ച അധ്യയന വർഷം വിപുലമായ പ്രവർത്തനങ്ങളും ദിനാചരണങ്ങളും എല്ലാമായി നിറക്കൂട്ട് അണിയുന്നു.

## വിദ്യാരംഗം



ജൂൺ 24-ന് മലയാളം ക്ലബ്ബിൻറെ ഉദ്ഘാടനം കർമ്മം ശ്രീ.ബിജുകാവിൽ. നിർവഹിച്ചു..വായനവാരത്തോട്അനുബന്ധിച്ച്.ആസ്വാദനകുറിപ്പ് തയ്യാറാക്കി അവതരിപ്പിച്ചു. ശതാബ്ദിയോടനുബന്ധിച്ച് വിദ്യാരംഗം കലാസാഹിത്യ വേദിയുമായി കൂടിച്ചേർന്ന് ജില്ലയിലെ ഹൈസ്കൂൾ യു.പി വിഭാഗത്തിലെ കുട്ടികളെ

പങ്കെടുപ്പിച്ചുകൊണ്ട് ഒക്ടോബർ മാസത്തിൽ നാടൻപ്പാട്ട് ശിൽപ്പശാല നടത്തി. കേരളപ്പിറവിയോടനുബന്ധിച്ച് ക്ലാസ് തലത്തിൽ കൈയെഴുത്തുമാസിക തയ്യാറാക്കുകയും മികച്ച കൈയെഴുത്തു മാസികകൾക്ക് സമ്മാനം നൽകുകയും ചെയ്തു.ശതാബ്ദിയോടനുബന്ധിച്ച് വിദ്യാരംഗവുമായി ചേർന്ന് നാടൻപ്പാട്ട് ശില്പശാല നടത്തി. വയലാർ ദിനത്തോടനുബന്ധിച്ച് വയലാർ ഗാന മത്സരം നടത്തി സമ്മാനങ്ങൾ നൽകി.

# ലിറ്റിൽ കൈറ്റ്സ്

വളർന്നു വരുന്ന ഈ സമൂഹത്തിൽ സാങ്കേതികവിദ്യ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ടെന്നതിന്റെ ആവശ്യകത മനസ്സിലാക്കി കൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ജൂൺ മാസത്തിൽ ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥിനികൾക്കായി പ്രിയ ടീച്ചറുടെയും ഫൈസൽ സാറിന്റെയും നേതൃത്വത്തിൽ preliminary ക്ലാസ്സ് നടന്നു. അതിൽ മുഴുവൻ വിദ്യാർത്ഥിനികളും പങ്കെടുത്തു. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ എല്ലാ ബുധനാഴ്ചകളിലും കൈറ്റ് മിസ്ട്രസ്സുമാരായ റെയ്സി മിസ്സിന്റെയും നീനു മിസ്സിന്റെയും നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തിവരുന്നു. സ്മാർട്ട് ക്ലാസ് റൂമുകളിൽ ഹൈടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രത്യേക പരിശീലനം നേടിയ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനികളാണ്.



സെപ്റ്റംബർ എട്ടിന് ഏകദിന ക്യാമ്പിൽ വിദഗ്ധരുടെ പരിശീലനംകുട്ടികൾക്ക് ലഭിക്കുകയുണ്ടായി. ഇതിൽ മികവ് തെളിയിച്ച കുട്ടികൾക്ക് ജില്ലാ ക്യാമ്പിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുകയും അതുവഴി സാങ്കേതികവിദ്യയുടെ ഭാഗമായ ആനിമേഷൻ, പ്രോഗ്രാമിങ് എന്നിവയെ

കുറിച്ച് കൂടുതൽ പഠിക്കാൻ സാധിക്കുകയുണ്ടായി. ഡിസംബറിൽ നടന്ന വാർത്താ നിർമാണ ക്യാമ്പിൽ പങ്കെടുക്കുവാൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് ഭാഗ്യമുണ്ടായി. സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ നടത്തിയ ഐടി മത്സരത്തിൽ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ പങ്കെടുത്തു.

## എനർജി ക്ലബ്ബ്

വളരെ ഊർജസ്വലമായി ഈ ക്ലബ്ബിലെ അംഗങ്ങൾ പ്രവർത്തനം നടത്തി വരുന്നു.വൈദ്യുതി ദുരുപയോഗം, ഭക്ഷണം പാഴക്കൽ,ജലവിനിയോഗം എന്നിവ കണ്ടെത്തി വേണ്ട തരത്തിലുള്ള ബോധവൽക്കരണം സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് നൽകുന്നു.ബോംബെ ഐ.ഐ.ടി ആഭിമുഖ്യത്തിൽ സോളർ അംബസിടർ വർക്ക് ഷോപ്പ് നടത്തി.ഡിസ്ട്രിക്റ്റ് കോഡിനേറ്റർ ഡോ.സിജേഷിന്റെ നേതൃത്വത്തിൽ മറ്റു വിദ്യാലയങ്ങളിലെ കുട്ടകളുമായി ചേർന്ന് 35 സോളാർ ലാമ്പുകൾ തയ്യാറാക്കി.



## വി.ആർ.വിത്.യു.(സോഷ്യൽ സർവീസ്)

വി.ആർ.വിത്.യുവിലെഅംഗങ്ങളും അധ്യാപകരും പി.ടി.എ അംഗങ്ങളും കൂടിച്ചേർന്ന് പ്രളയ ദുരിതം നേരിട്ട കുട്ടനാട്ടിലേക്ക് അവശ്യവസ്തുക്കൾ എത്തിച്ചു കൊടുത്തു.രോഹിൻഗാൻ അഭയാർത്ഥികൾക്ക് വേണ്ട അവശ്യസാധനങ്ങൾ കുടുംബശ്രീ അംഗങ്ങൾക്ക് കൈ മാറി.ജില്ലയിലെ പ്രളയ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച്



പായ,ബക്കറ്റ്,വസ്ത്രം,ഭക്ഷണം മുതലായവ കൈ മാറി.ഒരു ലക്ഷം ബുക്കുകൾ ശേഖരിച്ച് കുട്ടനാട്ടിലേക്ക്കൈമാറി.പിയടി.എ അംഗങ്ങളും കുട്ടികളും വയനാട് ട്രൈബൽ കോളനി സന്ദർശിച്ച് അവശ്യമായ വസ്തുക്കൾ അവർക്ക് നൽകി.

## സ്പോർട്സ് ക്ലബ്ബ്

കായികരംഗത്ത് പ്രോവിഡൻസ് വിദ്യാലയം വിവിധ മത്സരങ്ങളിൽ വിജയ കിരീടം നേടി.വിദഗ്ധരായ പരിശീലകരുടെ പ്രേത്യക പ്രോത്സാഹനവും കായിക താരങ്ങൾക്ക് നൽകി വരുന്നു.വിവിധ കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒട്ടേറെ വിജയം നേടി. .ശതാബ്ദിയോടനുബന്ധിച്ച്ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റ് നടത്തി. അതിൽ സ്കൂൾ അഭിമാനകരമായ നേട്ടംകൈവരിച്ചു.



# സൈടെക് 2018

ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന പ്രോവിഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്റ്റാഫ് മാനേജ്മെൻറ് സംയുക്തമായി നടത്തിയ ഒരു വേറിട്ട പ്രവർത്തനമായിരുന്നു സൈടെക് 2018 .ജില്ലാ കലക്ടർ ശ്രീ. ശ്രീറാം സാംബ ശിവറാവു  ഉദ്ഘാടനം ചെയ്തു.ശാസ്ത്രജ്ഞരും വിദ്യാർത്ഥികളും തമ്മിലുള്ള സംവാദം, ശാസ്ത്ര പ്രദർശനം, സയൻസ് മാജിക് ഷോ ഹിന്ദി പരിപാടികൾ ഉന്നത നിലവാരം പുലർത്തി.



വിദ്യാർത്ഥിനികളുടെ ശാസ്ത്രാഭിരുചി വളർത്തിയെടുക്കാനും അതുവഴി സയൻസ് ഐച്ഛിക വിഷയമായെടുത്ത് ആ മേഖലയിൽ ഗവേഷണ തൽപരത കുട്ടികളിൽ വളർത്തിയെടുക്കുക പരമപ്രധാനമായ ലക്ഷ്യത്തോടെ ആണ് ഈ പരിപാടി സ്കൂളിൽ സംഘടിപ്പിച്ചത്. സ്കൂളിലെ ശാസ്ത്രരംഗത്തെ കുട്ടികൾ ഉന്നയിച്ച ഉന്നതനിലവാരത്തിലുള്ള ചോദ്യങ്ങൾക്കും, അവരുടെ സംശയങ്ങൾക്കും മറുപടി പറയുന്നത് പ്രമുഖരായ വ്യക്തികൾ തന്നെ ആയിരിക്കണമെന്ന് ശാസ്ത്ര അധ്യാപികമാർ തീരുമാനിക്കുകയും, ശാസ്ത്ര രംഗത്തിൻെറ തുടർ പ്രവർത്തനമായി ഈ പരിപാടി സംഘടിപ്പിക്കുകയും ആണ് ചെയ്തത്.

നമ്മുടെ വിദ്യാലയത്തിലും മാത്രമല്ല സമീപപ്രദേശങ്ങളിലെ പതിനഞ്ചോളം വിദ്യാലയത്തിൽ 100 കുട്ടികൾക്കും ഈ പരിപാടി പങ്കെടുക്കാൻ ടീം പ്രൊവിഡൻസ് അവസരം നൽകി എന്നതിൽ നമുക്ക് അഭിമാനിക്കാം.

സംവാദത്തിൽ പങ്കെടുത്ത പ്രമുഖ വ്യക്തികൾ

1 ശ്രീ. മനാഷ് ബഗ്ജി - പ്ലാനിറ്റോറിയം കോഴിക്കോട് ക്യൂറേറ്റർ പ്രൊജക്ട് ഡയറക്ടർ

2 ശ്രീ. ജയന്ത് ഗാംഗുലി - ടെക്നിക്കൽ ഓഫീസർ- പ്ലാനറ്റേറിയം കോഴിക്കോട്

3 ഡോക്ടർ മാധവൻ കോമത്ത് - സയന്റിസ്റ്റ് - CWRDM കോഴിക്കോട്

4 ഡോക്ടർ കെ. ദേവദാസൻ - റിട്ടയേഡ് പ്രൊഫസർ ഹെഡ്ഓഫ് ഡിപ്പാർട്ട്മെൻറ് മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്

5 ബിനോജ് സാർ -മാജിക് ഷോ സയൻസ്

ഫിസിക്സ്, ആസ്ട്രോണമി എന്നീ വിഷയങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്ക് മനോജ് സാർ വിശദമായിത്തന്നെ ഉത്തരം നല്കി. ടെക്നോളജിയുമായി ബന്ധപ്പെട്ട സംശയ ദുരീകരണം നടത്തിയത് ജയന്ത് ഗാംഗുലി സാറായിരുന്നു.CWRDM ലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ മാധവൻ കോമത്ത് ജലപരിശോധനയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് വളരെ നല്ലരീതിയിൽ ഉത്തരം നൽകി.



സൂപ്പർ ക്ലോറിനേഷൻ , ജലത്തിൽ അടങ്ങിയ ഘടകങ്ങളുടെ അളവ്, ജലപരിശോധന എങ്ങനെ നടത്താം, എന്നീ സംശയങ്ങൾക്കും വ്യക്തമായി ഉത്തരം നൽകി. നാനോടെക്നോളജി, ഗ്രീൻ കെമിസ്ട്രി എന്നീ മേഖലകളിൽ നിന്നുള്ള സംശയങ്ങൾക്ക് ഈ വിഷയത്തിൽ

അഗ്രഗണ്യനായ ഡോക്ടർ ദേവദാസൻ മറുപടി നൽകി. മറ്റ സ്കൂളുകളിലെ കുട്ടികൾക്കും പ്രോവിഡൻസിലെ ശാസ്ത്ര ക്ലബ്ബിലെ എല്ലാ അംഗങ്ങൾക്കും അവരുടെ ശാസ്ത്രാഭിരുചി വളർത്തുന്നതിൽ, ഈ വിജ്ഞാനപ്രദമായ സംവാദത്തിൽ പങ്കെടുക്കുക വഴി സാധിച്ചു എന്നറിഞ്ഞതിൽ ടീം പ്രോവിഡൻസ് അഭിനന്ദനം അർഹിക്കുന്നു

ശാസ്ത്രജ്ഞന്മാരുമായുള്ള സംവാദത്തിനു ശേഷം ശ്രീ.ബിനോജ് സാറിന്റെ സയൻസ് മാജിക് ഷോ ഉണ്ടായിരുന്നു. കുറെ പരീക്ഷണങ്ങൾ അദ്ദേഹം ഈ പരിപാടിയിൽ അവതരിപ്പിച്ചു. കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്തിയ ഈ പരിപാടി വിജ്ഞാനപ്രദവും കൗതുകകരവുമായിരുന്നു. സൈ-ടെക് 2018 ൽ അടുത്തതായി ശാസ്ത്രപ്രദർശനം ഉണ്ടായിരുന്നു. അസ്ട്രോണമി ഗാലറിയിൽ പ്രപഞ്ച ഉത്പത്തി, പ്രപഞ്ചരഹസ്യങ്ങൾ, തമോഗർത്തങ്ങൾ, നക്ഷത്രങ്ങളുടെ ജനനം, മരണം, എന്നിവ വിവരിക്കുന്ന സ്ലൈഡുകൾ വളരെ നല്ല നിലവാരം പുലർത്തി, വളരെയധികം വിവരങ്ങൾ കുട്ടികൾക്ക് ലഭിച്ചു.

പഴമയുടെ പെരുമ വിളിച്ചോതുന്ന പ്രദർശനം കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേക അനുഭവമായിരുന്നു. പ്രസ് ക്ലബ്ബിൻറെ ഫോട്ടോ പ്രദർശനത്തിൽ വെച്ച ഫോട്ടോകൾ ഉന്നത നിലവാരം പുലർത്തിയ ഫോട്ടോകൾ ആയിരുന്നു. ഈയിടെ കേരളം നേരിട്ട പ്രളയം ജനങ്ങൾ അനുഭവിച്ച വെള്ളപ്പൊക്കം കെടുതിയുടെ ഒരു നേർസാക്ഷ്യം കൂടിയായിരുന്നു ഈ ചിത്രപ്രദർശനം. മെഡിക്കൽ കോളേജ് പ്രദർശനത്തിൽ വേറിട്ട കാഴ്ചകൾ ആയിരുന്നു. ശാസ്ത്ര കുതുകികളും സാമൂഹ്യപ്രതിബദ്ധരുമായ വിദ്യാർത്ഥികളെ വളർത്തിയെടുക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാണ്.

**ശാസ്ത്ര്യരംഗം കോ-ഓർഡിനേറ്റർ**
**ശ്രീമതി .ബിന്ദു കിഴക്കേപ്പാട്ട്**

# വിശ്വരൂപം

ഒരു നവവൈര്യത്തിളക്കമുയർന്നു വന്നു

വിശുദ്ധിതൻ സമുദായത്തിൽ നിന്ന്

ചാരുതയേറിയ സുന്ദരിയാമവൾ

പരിശുദ്ധിതന്മാലാഖയാണ്

അന്നു നീ കാർമലിനുകൊളുത്തിയാപ്രഭ

ഇന്നും കത്തിജ്വലിക്കുന്നു ശോഭയോടെ

നിൻ കാരുണ്യ ജീവിതത്തിലില്ല ക്ഷോഭം

നിൻ കർമ്മ ലക്ഷ്യത്തിലാണു ഭോഗം

ഈ ലോകമെന്പാടും സദ്ചിന്തപകരുകയായ്

കാരുണ്യ കർമത്താൽ ജ്ഞാനപകർച്ചയാൽ

നാമെല്ലാവരും പിൻതുടരേണ്ട നേർവഴിയായ്

അവൾ വിശേഷിക്കപ്പെട്ടിരിക്കയാൽ

വാഴ്ത്തുന്നു നിന്നെ ഭൂമിതൻ അഗാധതയിലും

സ്മരിക്കുന്നു നിന്നെ അഭാവസന്നിധിയിലും

ത്യാഗത്തിൻയും മാന്യതയുടെയുമാവെള്ളി-

വെളിച്ചത്തിൽ,തിളങ്ങുന്നു നീ വിണ്ണിൽ

മനുഷ്യത്വവും സാഹോദര്യവും നിറഞ്ഞ

സ്നേഹവിശ്വാസത്തിലൂടെയും,

# ഓർമ്മച്ചെപ്പ്

നാലാം വയസ്സുമുതൽ തന്നെ ഞാൻ പ്രോവിഡൻസിൻെറ ജൂനിയർ സ്കൂളിലെ പടികൾ ചവിട്ടി മുന്നേറാൻ തുടങ്ങിയിട്ടുണ്ട്. അക്ഷരമുറ്റത്തേക്ക് എന്നെ ആനയിച്ച വിദ്യാലയത്തിൽ തന്നെ ഞാനിന്നും വിദ്യ അഭ്യസിച്ചുകൊണ്ട് ഇരിക്കുന്നതിനു കാരണം എൻെറ വിദ്യാലയത്തിനോടും അധ്യാപകരോടുമുള്ള ആരാധനയാണ് . പ്രോവിഡൻസിൽ ഓടിക്കളിച്ചാണ് ഞാൻ വളർന്നത്.പണ്ടുമുതലേ ജൂനിയർ സ്കൂളിൻെറ വാർഷികദിനം ആഘോഷിച്ചിരുന്നത് പ്രോവിഡൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ ആയിരുന്നു. ജൂനിയർ സ്കൂളിനു തൊട്ടടുത്തുള്ള, പ്രോവിഡൻസ് സ്കൂളാണ് ഇന്നത്തെ എൻെറ അക്ഷരമുറ്റം.

ചെറുപ്പം മുതൽ തന്നെ ഞാൻ അവിടെ പോകുമായിരുന്നു. ആ വിശാലമായ പൂന്തോട്ടത്തിൽ നിന്ന് വാൻ 6 വർഷങ്ങൾ കാത്തുനിൽക്കേണ്ടിവന്നു. ഞാനറിയാതെ തന്നെ വർഷങ്ങൾ കടന്നുപോയി. അവരും ആ വിശാലമായ പൂന്തോട്ടത്തിലെ മാധുരി ഞാൻ അറിഞ്ഞു. പത്താമത്തെ വയസ്സിൽ ആ മാധുര്യം പുതുമയായിരുന്നുവെങ്കിൽ , ഇപ്പോൾ ആ മാധുര്യം എനിക്ക് അമൃതാണ് ഓരോ ദിവസവും ഞാൻ പുതുമയേറിയ ഞങ്ങളുടെ അധ്യാപകരുടെ സ്നേഹവും വാത്സല്യവും നുകർന്നു ഞങ്ങൾ വളർന്നു. ആദ്യമായി എൻെറ വിദ്യാലയത്തിൽ നിൽക്കുമ്പോൾ ഉണ്ടായിരുന്ന സഭാകമ്പവും, സന്തോഷവും, അഭിമാനവും വാക്കുകളിൽ ഒതുക്കാൻ സാധിക്കുന്നില്ല. ആദ്യമായി ലഭിച്ച

സമ്മാനം എനിക്ക് നിധിയാണ്. സമ്മാനങ്ങൾ മാത്രമായിരുന്നില്ല പ്രൊവിഡൻസ്
എനിക്ക് നൽകിയിരുന്നത് അതിവിശാലമായ മുറ്റവും, അതിലെ ചെറു കുളങ്ങളും മായ പുഷ്പങ്ങളും, ഏറ്റവും പ്രധാനപ്പെട്ട തണൽ മാവും ഞങ്ങളുടെ വിദ്യാലയത്തെ പ്രകൃതിയോടും അടുപ്പം കൂട്ടുന്നു. അനേകം വർഷങ്ങൾക്കുമുമ്പ് തന്നെ അവിടെ സ്ഥാനമുറപ്പിച്ചിരുന്ന ആ മാവിൻെറ തണലിലിരുന്ന് ആയിരുന്നു ഞങ്ങൾ പഠിച്ചത്. എൻെറ വിദ്യാലയത്തിലെ വലിയ ബാസ്കറ്റ് ബോൾ കോർട്ടും ഓഡിറ്റോറിയവും ഗ്രന്ഥശാലയും, മറ്റു കായിക പഠനങ്ങളിലും പഠനത്തിൽ മാത്രമല്ല പാഠ്യപദ്ധതികളിലും കഴിവ് തെളിയിക്കാനുള്ള അവസരം ഞങ്ങൾക്ക് ഒരുക്കിത്തന്നു. പക്ഷേ എൻെറ വിദ്യാലയത്തെക്കുറിച്ച് അഭിമാനിക്കാനുള്ള കാരണങ്ങൾ ഇതുകൊണ്ട് തീരുന്നില്ല. " we are with you" എന്ന സംഘടനയാണ് എന്നെ ഏറ്റവും കൂടുതൽ അഭിമാനപൂരിതം ആക്കുന്നത്. ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾ സംഘടനയിലൂടെ ചെയ്യുന്ന പുണ്യ പ്രവർത്തികളിലൂടെ ആണെന്നാണ് എൻെറ വിശ്വാസം. ഞങ്ങളുടെ വിദ്യാലയത്തിൽ പഠിക്കുന്ന പാവപ്പെട്ട വിദ്യാർഥികൾക്ക് വീടുകൾ നിർമ്മിച്ച് കൊടുക്കുവാനും, പ്രളയത്തിൽ അകപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, അവരെ സഹായിക്കുവാനും, വിദ്യാർത്ഥികൾക്കുവേണ്ടി മറ്റു സാമ്പത്തിക സഹായങ്ങൾ നൽകുവാനും, ഈ പ്രവർത്തികളിലൂടെ എല്ലാം വിദ്യാർത്ഥികളെ ഇതുപോലെയുള്ള സൽകർമ്മങ്ങളിൽ ഉൾപ്പെടുത്തുവാനും

പ്രോവിഡൻസ് പ്രത്യേകം ശ്രദ്ധിക്കുന്നു.

എന്നാൽ എനിക്ക് പ്രോവിഡൻസിനോട് അടുപ്പം തോന്നുവാൻ കാരണം എന്റെ അധ്യാപകർ തന്നെയാണ്. ഞങ്ങൾക്കുവേണ്ടി അവർ ഓരോ നിമിഷവും കഠിനാധ്വാനം ചെയ്യുന്നു. അവരാണ് ഞങ്ങൾക്ക് അറിവ് പകർന്നു നൽകുന്നത്. അവരാണ് ഞങ്ങളുടെ വിദ്യാലയ ജീവിതത്തെ വർണാഭമാക്കുന്നത്. ഒരുപാടൊരുപാട് കലാകാരികളെ വാർത്തെടുത്ത എന്റെ വിദ്യാലയം, ശതാബ്ദി ആഘോഷങ്ങളുടെ നിറവിലാണ് ഈവർഷം. എന്റെ വിദ്യാലയം പ്രൊവിഡൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളാണ്. ഇന്ന് ഓർക്കുമ്പോൾ തന്നെ എന്റെ ചുറ്റും മഴവില്ലിൻ മഴ പെയ്തിറങ്ങുന്നു............ എന്നെ കുതിർത്തു കൊണ്ട്

providence can provide
providence did provide
providence will provide

-ദേവനന്ദ



# പ്രളയം


പ്രളയ മഹാ സാഗരത്തിൽ
അലിഞ്ഞു തീരുന്ന മർത്യജന്മങ്ങൾ നമ്മൾ
അലിവില്ലയോ നമ്മുടെ നെഞ്ചിനകത്ത്
അരുതരുതേ ഈ പ്രപഞ്ച നാശത്തെ അകറ്റൂ ....
പ്രണയത്തിൻ ചൂടറിഞ്ഞ നാൾവഴികൾ
പ്രളയത്തിൽ ശിഥിലമായി പോകയോ .... പോയോ
പാപികൾ തൻ താഴ്വരയല്ലോ ഈ ക്ഷിതി
പ്രളയ തീർത്ഥത്താൽ ശുദ്ധി ചെയ്യുകയാണോ
അവനിയെ ..........................
അരുതരുതേ ഈ ദുരന്ത മുഖങ്ങൾ
അകലെയോ സ്നേഹ ഭൂവിൻ അരികിലെത്താം
സ്നേഹമെന്ന മന്ത്രത്താൽ ഭൂമിയെ ധന്യമാക്കാം ....

**ഭദ്ര കെ**

# മധുരം മലയാളം

ഇന്ത്യയിൽ പ്രധാനമായും കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം ഇത് ദ്രാവിഡ കുടുംബത്തിൽപ്പെടുന്നു. പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. മെയ് മാസം 23ന് 2013 മന്ത്രിസഭായോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത് ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ വിട്ടിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക അവയിലൊന്നാണ് മലയാളം . മലയാളഭാഷാ കൈരളി, മലനാട് ഭാഷ എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമെ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കർണാടകയിലെ ദക്ഷിണ കന്നട കൊടക് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിങ്കപ്പൂർ മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചുപോരുന്നു. മലയാളഭാഷയുടെ പ്രാചീന ഭാഷയും സമ്പന്ന കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. തമിഴ്( കൊടുംതമിഴ്) ആണ് മലയാളത്തിലെ ആദ്യ രൂപം എന്ന് കരുതുന്നു. 4 ഔദ്യോഗിക ഭാഷയിൽ ഒന്നും മലയാളമാണ് കാരക്കുന്ന് ജനവിഭാഗത്തിനെ മലയാളികൾ എന്നു വിളിക്കുമ്പോഴും ഇല്ല പാരമ്പര്യ പരിഗണിച്ച് കേരളീയർ എന്ന് ലോകത്താകമാനം 5 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട് ഭാഷാ കുടുംബത്തിൽപ്പെടുന്ന മലയാളത്തിലെ ഇതര ഭാരതീയർ സംസ്കൃതം തമിഴ് എന്നീ ഉദാത്തഭാഷകളുമായി പ്രകടമായ ബന്ധമുണ്ട്

വിണ കെ



# എൻ വിദ്യാലയം

എൻ വിദ്യാലയം വിദ്യതൻ
സമ്പന്നമാം ദിവ്യ സരസ്വതി ക്ഷേത്രം
വിദ്യാലയ തിരുമുറ്റത്തെ മരത്തണലിൽ
കുശലം പറയുന്ന കൂട്ടുകാരും
അക്ഷരങ്ങളാൽ സമ്പന്നമാ ക്ലാസ് മുറികളും
വിദ്യ പകർന്നിടും ഗുരുക്കന്മാരും
അക്ഷരമുറ്റത്ത് ഉന്മാദലഹരിയിൽ
കളിച്ചു രസിക്കും കുട്ടികളും
വിദ്യാലയത്തെ വർണശബളിതമാക്കുന്നു.
പൂന്തോട്ടമാം എൻ വിദ്യാലയത്തിലെ
ഒരു കൊച്ചു ശലഭമായിടുന്നു ഞാൻ


സൻഹ

# യാത്രാനുഭവം

എന്നെ സംബന്ധിച്ചടത്തോളം യാത്രകൾ വളരെ ഇഷ്ടപ്പെടുന്നുവെങ്കിലും അധികം യാത്രകളൊന്നും ചെയ്യു ഒരാളാണ് ഞാൻ. വളരെ യാദൃശ്ചികമായാണ് വയനാട്ടിലേക്കുള്ള യാത്ര ഒത്തുവന്നത്. ഒരു ടൂറിസ്റ്റ്ബസിലായിരുന്നുയാത്ര . പുലർച്ചെയായതിനാൽ കുറേ അടച്ചിട്ട കടകളും കുറച്ച് ആളുകളും പിന്നെ കു തെരുവുനായകൾ മാത്രമേ വഴിയോരക്കാഴ്ചകളായ് ഉണ്ടായിരുന്നത്. ഉറക്കച്ചടവിൽ ഞാനൊന്നു മയങ്ങി. ഞാൻ ഉണർന്നത് സൂര്യോദയം കണ്ടാണ്. പ്രാതലിന് ശേഷം നേരെ കുറുവ ദ്വീപിലേക്ക് ആയിരുന്നു യാത്ര. ഞങ്ങൾ ഇറങ്ങി നടന്നു. കബനി നദി കടന്നുവേണം ദ്വീപിൽ എത്താൻ . അതും ഒരു ചങ്ങാടത്തിൽ. ചെറുവരെ കേറാൻ സാധിക്കുന്ന ചങ്ങാടത്തിൽ ഒരറ്റത്തു ഞാൻ ചെന്നിരുന്നു. സൂര്യകിരണങ്ങളേറ്റ് തിളങ്ങുന്ന തെളിനീരിൽ വിരൽ തൊട്ടു ആ സ്പർശനസുഖം ഞാനറിഞ്ഞു. അവിടെ ധാരാളം കുരങ്ങന്മാർ ഉണ്ടായിരുന്നു. വാനരവസതി എന്ന് വിശേഷിപ്പിക്കുന്ന ഒരിടം.

നടന്ന് നടന്ന് അവസാനം മുള കൂട്ടങ്ങൾക്കിടയിലൂടെ മിനുസമുള്ള പാറകൾ നിറഞ്ഞ നദി ഞാൻ കണ്ടു. അവിടെ കുറെ നേരം ചിലവഴിച്ചതിനു വർഷമാണ് തിരിച്ചുപോയത്. ആദ്യമായി കണ്ട കുറുവ ദ്വീപിനെ സൗന്ദര്യം മനസ്സിൽ മായാതെ നിൽക്കുകയാണ്. അടുത്തതായി കാണാൻ പോകുന്ന സ്ഥലം ഇതിലും മനോഹരമായിരിക്കുമോ എന്ന ചിന്തയിൽ ഞങ്ങൾ ബാണാസുര ഡാമിലേക്ക് നീങ്ങി . ആ യാത്ര മറക്കാൻ പറ്റാത്തതായിരുന്നു

ആമിന


കിനാപ്പൂക്കൾ
പെയ്തു തീരാത്ത മഴത്തുള്ളിപോലെ നിൻ
മിഴിനീർ തുളുമ്പി നിൽപ്പതെന്തേ
നിൻ കണ്ണിൽ വിരിഞ്ഞ കിനാപ്പൂക്കൾ
വാടിക്കരിഞ്ഞു പോയതെന്തേ
വാർമഴവില്ലിൻ ശോഭയാൽ നിൻമനം
മാമയിൽ പോരുന്നപീലി വിടർത്തിയോ
പൂർണ്ണചന്ദ്രനെപോൽ വിളങ്ങും നിൻ മുഖകാന്തി
കറുത്തവാവുപോൽ ഇരുൾ വീണുപോയതെന്തേ
തോരാത്തപേമാരിയിൽ ചിറകറ്റപക്ഷിപോൽ
തളർന്നുവീണുനീ പോയതെന്തേ
ആരുമറിയാതെ നീയൊരു നെരിപോടായ്
ആത്മനൊമ്പരത്താൽ പുകയുവതെന്തേ
നീ കണ്ട കിനാവുകൾ തീരമെത്തിടാതെ
ആഴിതൻച്ചുഴിയിൽ അകപെട്ടതെന്തേ
തീരത്തണിയാതെ തുഴയില്ലാതോണിപോൽ
പ്രാരാബ്ദവാരിയിലലയുവതെന്തേ
നിലയില്ല കായത്തിൽ നീ താണുപോകാതെ
തുഴയാകുവാൻഞാനരികിലെത്താം
നെഞ്ചിൽ നീ കൂട്ടിയ സ്വപ്നങ്ങളൊക്കെയും
വിടരുവാനയി ഞാൻ അരികെനിൽക്കാം.....
ദിനലക്ഷ്മി



## സുഹൃത്ത്

'ആയിരം കൂട്ടുകാരെ കാൾ നല്ലത് നാമറിയുന്ന, നമ്മളെ അറിയുന്ന ഒരു കൂട്ടാണ് '.'തോളത്തു കയ്യിട്ടു നടക്കുന്നവരല്ല, വീണുപോകുമ്പോൾ കൈ താങ്ങുന്ന വനാണ് യഥാർത്ഥ സുഹൃത്ത്.' ഒരു നല്ല പുസ്തകം 100
കൂട്ടുകാർക്ക് തുല്യമാണ്................ എന്നാൽ............ ഒരു നല്ല സുഹൃത്ത് ലൈബ്രറിക്ക് തുല്യവും..........'
ഇങ്ങനെ കൂട്ടുകാരെ കുറിച്ച് ഒരായിരം വാചകങ്ങളുണ്ട്.
എല്ലാവർക്കുമുണ്ടാകും ഇങ്ങനെയുള്ള , ഒരു അടുത്ത സുഹൃത്ത്.
അതെ, എനിക്കുമുണ്ട് ഇങ്ങനെ ഒരാൾ !ദുഃഖത്തിൽ പങ്കുചേരാൻ, സന്തോഷം പങ്കിടാൻ ,അന്ധകാരത്തിലേക്ക് വഴുതി വീഴുമ്പോൾ 'അരുത്' എന്ന് പറയാൻ ,ഒറ്റയ്ക്കാണെന്ന് തോന്നുമ്പോൾ ചേർത്തുപിടിച്ച് 'ഞാനുമുണ്ട് ഒപ്പം 'എന്ന് പറയാൻ. ഒരിക്കൽ അതാരാണെന്ന് എന്നോട് തന്നെ ചോദിച്ചപ്പോഴാണ് അത് ഞാൻ' തന്നെയാണെന്ന് എനിക്ക് മനസ്സിലായത് .അതെ, എൻറെ ഏറ്റവുമടുത്ത, എന്നെ അറിയുന്ന കൂട്ടുകാരി, 'ഞാൻ'!

നമ്മളാരും ഒറ്റയ്ക്കല്ല .നമ്മളിലും ഒരു നല്ല സുഹൃത്ത് ഉണ്ട് ഇക്കാലത്ത് സ്നേഹിക്കാൻ മാത്രമറിയുന്ന നല്ല സുഹൃത്തുക്കളാക്കാൻ നമുക്ക് കഴിയട്ടെ.................

# യാത്രാവിവരണം

യാത്രകൾ വളരെയധികം ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയാണ് ഞാൻ. സ്ഥലങ്ങളിൽ ഏറ്റവുമധികം ഇഷ്ടമുള്ള സ്ഥലം ആൻഡമാൻ നിക്കോബാർ ദ്വീപ് സമുദ്രങ്ങളാണ്. അവിടെയുള്ള 4 ദ്വീപുകളിലാണ് ഞാൻ പോയത്.

ഹ..... എന്തൊരു ആഹ്ലാദകരമായിരുന്നു ആ ദിവസങ്ങളിൽ.

ഏപ്രിൽ 11 ന് വൈകുന്നേരം 5.30 മണിക്ക് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നിന്നാണ് ഞങ്ങൾ യാത്രതിരിച്ചത്. ഞങ്ങൾ ആകെ 24 പേരുണ്ടായിരുന്നു. കോഴിക്കോട് നിന്നും ചെന്നൈയിലേക്ക് ആണ് ഞങ്ങൾ ആദ്യം പോയത്. അവിടെനിന്നും വിമാനത്തിൽ പോർട്ട് ബ്ലയർ വിമാനത്താവളത്തിലെത്തി.

അവിടെ ഞങ്ങളെ സ്വീകരിക്കാൻ അവിടെയുള്ള ടൂർ ഏജൻസികൾ ഉണ്ടായിരുന്നു. അവരുടെ കൂടെ 2 വണ്ടിയിൽ താമസിക്കാനുള്ള സ്ഥലത്തേക്ക് പുറപ്പെട്ടു.



ഏപ്രിൽ 13-ന് വൈകുന്നേരം 3 മണിക്കാണ് ഞങ്ങൾ ലോഡ്ജിൽ എത്തിയത്.

അവിടെനിന്നും ക്ഷീണം മാറ്റിയതിനുശേഷം ബീച്ചിലെ പാർക്കിൽ പോയി. വൈകുന്നേരം 4 മണി ആകുമ്പോഴേക്കും ആകെ ഇരുട്ട് പടർന്നിരുന്നു. അതിനുശേഷം ഞങ്ങൾ സെല്ലുലാർ ജയിലിലേക്കാണ് പോയത്. അവിടെയെത്തുമ്പോൾ രാത്രി 7 മണി ആയിരുന്നു. രാത്രിയായതിനാൽ ഞങ്ങൾക്ക് ജയിൽ ഒന്നും നല്ലപോലെ കാണാൻ കഴിഞ്ഞില്ല. പക്ഷേ അവിടെ നല്ലൊരു പരിപാടി ഉണ്ടായിരുന്നു. ജയിലിലെ ചരിത്രം ഒരു

ലൈറ്റ് ആൻഡ് സൗണ്ട് പരിപാടിയിലൂടെ അവതരിപ്പിക്കുന്ന ഒന്നായിരുന്ന് അത്. അത് കഴിയുമ്പോഴേക്കും രാത്രി 8 മണി ആയിരുന്നു. പിന്നെ ഭക്ഷണമെല്ലാം കഴിച്ച താമസസ്ഥലത്ത് ലേക്ക് പോയി.

അടുത്തദിവസം പതിനാലാം തീയതി ഞങ്ങൾ ഹവായ് ദ്വീപിലേക്കാണ് പോയത്. യാത്ര കപ്പലിലായിരുന്നു. അതുകൊണ്ടുതന്നെ യാത്ര വളരെ രസകരമായിരുന്നു. കപ്പലിൽ ഉച്ചത്തിൽ പാട്ടു വച്ച് നൃത്തം ചെയ്യാനുള്ള സൗകര്യങ്ങളൊക്കെ ഉണ്ടായിരുന്നു. അവിടെ എത്തുന്നവരെ നൃത്തം ചെയ്തു അടിച്ചുപൊളിച്ചു. 1 :30 ഓടെയാണ് ഞങ്ങളവിടെ എത്തിയത്. അവിടെയുള്ള ബീച്ച് ഏവരെയും പുളകം കൊള്ളിച്ചു. കടൽ വെള്ളത്തിന് ആകാശത്തിൻതൊ നിറമായിരുന്നു. എന്തു തെളിമയാർന്ന വെള്ളം ആയിരുന്നു അത്. ഒരു പ്ലാസ്റ്റിക് കവറോ മാലിന്യ കൂമ്പാരങ്ങളും അവിടെ കാണാനില്ലായിരുന്നു. അവിടെനിന്നും ഞങ്ങൾ ടൂർ ഗൈഡ് കൂടെ താമസിക്കുന്ന സ്ഥലത്തേക്ക് പോയി. അവിടെയുള്ള റിസോർട്ട് ആണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അതൊരു അടുത്തു തന്നെയായിരുന്നു. കടൽതീരം മുഴുവനും കണ്ടൽകാടുകൾ കൊണ്ട് നിറഞ്ഞതാണ് എന്നതാണ് അവിടെയുള്ള ബീച്ചിനെ പ്രത്യേകത. കണ്ടൽകാട് കഴിഞ്ഞാൽ സ്ഥലം . വലിയ കാടാണ്. കാട് വച്ചാണ് ജനങ്ങൾ അവിടെ റിസോർട്ടുകൾ പണിയുന്നത്. ഇതെല്ലാം ലളിതമായ രൂപത്തിലാണ്. ഞങ്ങൾ അവിടെനിന്നും പോയത് രാധാനഗർ ബീച്ചിലായിരുന്നു. വലിയ തിരമാലകൾ ഒന്നുമില്ലാത്ത മാലിന്യങ്ങൾ ഒന്നുമില്ലാത്ത ഒരു സൗന്ദര്യമായ ബീച്ച് ആയിരുന്നു അത്. അവിടെ ഞങ്ങൾ രണ്ടരമണിക്കൂറോളം കടലിൽ കളിച്ചു. അതുകഴിഞ്ഞ് വസ്ത്രമെല്ലാം മാറ്റി കടൽതീരത്തുള്ള വലിയ മരങ്ങളിൽ ടിപി ഉണ്ടാക്കിയ ഏറുമാടത്തിൽ എല്ലാം കയറി ഇരുന്ന് ഫോട്ടോയെടുത്തു. അതിനുശേഷം ഞങ്ങൾ അവിടെയുള്ള കാട്ടിലൂടെ നടന്നു. പിന്നെ ഭക്ഷണം കഴിച്ച് നേരെ താമസസ്ഥലത്തേക്കു പുറപ്പെട്ടു.

അടുത്ത ദിവസം 15-ാം തിയതി ഞങ്ങൾ എലിഫാന്റാ ബീച്ചിലേക്കാണ് പുറപ്പെട്ടത്.ഞങ്ങൾ സ്പ്പീഡ് ബോട്ടിലാണ് അവിടെ പോയത്.വളരെ രസകരമായ ഒരു യാത്രയായിരുന്നു അത്.അവിടെയെത്തി വസ്ത്രമെല്ലാം മാറ്റി ഞങ്ങൾ കടലിൽ കളിക്കാൻ തയ്യാറെടുത്തു.അവിടെ സ്കൂബാ ഡൈവിങ്ങും ,ഗ്ലാസ്സ് ബോട്ടും,കടലിലൂടെ പോകുന്ന മോട്ടോർ ബൈക്കും ഒക്കെയുണ്ടായിരുന്നു.അതിലെലാം കയറാംമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു.പക്ഷേ എല്ലാവരുടെയും നിർബന്ധപ്രകാരം ഞാൻ സ്കൂബഡൈവിങ്ങാണ് ചെയ്തത്.ഹോ!....പറ സ്കൂബ ചെയ്യാനായിട്ട് എന്നോടൊപ്പം ഒരു ചേച്ചിയും ഉണ്ടായിരുന്നു.ഞങ്ങൾ രണ്ടു പേരും ചേർന്ന് ഗൈഡിന്റെ നിർദേശമനുസരിച്ച് ഉൾക്കടലിലേക്ക് യാത്രപുറപ്പെട്ടു.ഹോ!....എന്തൊരു കാഴ്ച്ചയായിരുന്നു അത്.പച്ചയും നീലയും മഞ്ഞയും നിറത്തിലുള്ള നിറപ്പകിട്ടാർന്ന മത്സ്യങ്ങൾ.എന്തൊരു ഭംഗിയാണ് ആ മീനുകളെ കാണാൻ. ഒറ്റ വാക്യത്തിൽ പറഞ്ഞാൽ തികച്ചും മായാജാലക്കാഴ്ച്ചകളാണ് ഞാൻ അവിടെ കണ്ടത്. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യത്യസ്ത തരത്തിലുള്ള മത്സ്യങ്ങൾ, പവിഴപ്പുറ്റുകൾ....ഓ....ഓരോരോന്നോരൊന്ന് കാഴ്ച്ചകളായിരുന്നു അത്. അര മണിക്കൂറോളം ഞാൻ ഉൾക്കടലിലായിരുന്നു. ഇതെല്ലാം കഴിയുമ്പോഴേക്കും ഉച്ച സമയമായിരുന്നു. സ്കൂബ് ഡൈവിങ്ങ് ചെയ്തതിന്റെ ഒരു വീഡിയോയും അവർ അവിടെ നിന്ന് തന്നു. വസ്ത്രമെല്ലാം മാറ്റി ഞങ്ങൾ തിരിച്ച് റ്സോർട്ടിലേക്ക് തന്നെ പോയി. ഇതോടെ ഹാവ്വലോക്ക് ദ്വീപിലുള്ള ഞങ്ങളുടെ വിനോദസഞ്ചാരം അവസാനിച്ചു. ആ ദിവസം തന്നെ ഞങ്ങൾ പോർട്ട് ബ്ലയറിലേക്കു പോയി. അവിടെ എത്തുമ്പോഴേക്കും വൈകുന്നേരം  ആയിരുന്നു. അങ്ങനെ ആ ദിവസവും കടന്നുപ്പോയി.

അടുത്ത ദിവസം 16-ാം തിയതി ഞങ്ങൾ അതിരാവിലെ തന്നെ ആന്റമാനിലെ ഗോത്രവർഗക്കാരേ കാണാൻ പോയി. കൊടും വനത്തിലൂടെയുള്ള സഞ്ചാരമായിരുന്നു അത്. ഒറ്റ വണ്ടിയിലാണ് ഞങ്ങൾ അവിടേക്ക് പോയത്. യാത്രക്കിടയിൽ ഞങ്ങൾ ഒന്നു രണ്ട് ഗോത്രവർഗക്കാരേ കണ്ടു. അവരുടെ ര്രൂപവും സംസാരവും വസ്ത്രവുമെല്ലാം

നമ്മളിൽ നിന്ന് ആകെ വ്യത്യസ്തമായിരുന്നു. കറുത്തിരുണ്ട് ഇലക്കൊണ്ടെല്ലാം ഉണക്കിയ വസ്ത്രമായിരുന്നു അവർ അണിഞ്ഞുരുന്നത്. അവരുടെ കൈകളിൽ. വ്യത്യസ്ത തരത്തിലുള്ള ആയുധങ്ങൾ ഉണ്ടായിരുന്നു. ഭയാനകമായ ഒരു രൂപമായിരുന്നു അവരുടേത്.

പിന്നീടുള്ള യാത്ര ലൈമ്സ്റ്റോൺ കേവിലേക്കായിരുന്നു. ഞങ്ങൾ ചങ്ങാടത്തിലാണ് അവിടേക്ക് പോയത്.ചങ്ങാടയാത്രക്കഴിഞ്ഞ് പിന്നെ സ്പീഡ് ബോട്ടിൽ വേണം ലൈമ്സ്റ്റോൺ കേവിലേക്ക് പോകാൻ. പോകുന്ന വഴി കടലിടുക്ക് പോലുള്ള ഒരു സ്ഥലമുണ്ട്. രണ്ട് ഭാഗവും കണ്ടൽകാടുകൾ നിറഞ്ഞ് ഒരു ഗുഹപ്പോലെ മാറിക്കഴിഞ്ഞിരുന്നു ആ ഭാഗം.ഏകദേശം പതിനഞ്ച് മിനിറ്റോളം അതിനുള്ളിലൂടെ യാത്ര ചെയ്തുവേണം ലക്ഷ്യ സ്ഥാനത്ത് എത്താൻ. അങ്ങനെ അവിടെ എത്തി. 45 മിനിറ്റ് നടന്നിട്ട് വേണം ലൈമ്സ്റ്റോൺ കേവിലെത്താൻ. എകദേശം 11 മണിയോടെ ഞങ്ങൾ ലൈമ്സ്റ്റോൺ കേവിലെത്തി. ഹോ! എന്ത് സുന്ദരമായ കാഴ്ച. ഞങ്ങൾ അര കിലോമീറ്റർ ദൂരം ഗുഹക്കുള്ളിലേക്ക് പോയി. കൂടെ ഗൈഡും ഉണ്ടായിരുന്നു. രണ്ട് ഭാഗവും പവിഴപ്പുറ്റുകൾ നിറഞ്ഞ 50 മീറ്റർ ഉയരത്തിലുള്ള ഒരു ഗുഹയായിരുന്നു അത്. കൂരിരുട്ടായിരുന്നു അതിനുള്ളിൽ. ഞങ്ങൾ ടോർച്ചിന്റെ വെളിച്ചത്തിലാണ് മുന്നോട്ടു നടന്നത്.

12 മണിയോടെ ഞങ്ങൾ അവിടെ നിന്ന് തിരിച്ചു. പിന്നെ 15 മിനിറ്റ് നടന്ന് ഒരു ചെറിയ ഗ്രമത്തിൽ എത്തി. നാലോ,അഞ്ചോ വിടുകൾ അവിടവിടെയായിട്ടുണ്ട്. എല്ലാം ഓലയും പുല്ലും മേഞ്ഞ വീടുകൾ. കോഴി,പശു,ആട് എന്നിവയെ വളർത്തലാണ് അവരുടെ മുഖ്യത്തൊഴിൽ. പിന്നെ കൃഷിയുമുണ്ട്. അവർക്ക് വേണ്ട ഭക്ഷണ സാധനങ്ങളെല്ലാം അവർ അവിടെത്തന്നെ ഉണ്ടാക്കുന്നു.

അതിനുശേഷം ഞങ്ങൾ മഡ് വോൾക്കാനോ കാണാൻ പോയി. എത്രയോ വർഷം മുമ്പ് അവിടെ മഡ് വോൾക്കാനോ ഉണ്ടായതിന്റെ പരിണതഫലങ്ങൾ ഇപ്പോഴും നമ്മൾക്കവിടെ കാണാൻ കഴിയും. ഏകദേശം ഒന്നരയോടെ അവിടെനിന്ന് തിരിച്ച് ഭക്ഷണമെല്ലാം

കഴിച്ച് താമസസ്ഥലത്തേക്ക് പുറപ്പെട്ടു. അവിടെ എത്തിയത് രാത്രി 8 മണിക്കാണ്.

അടുത്തദിവസം ഞങ്ങൾ നാട്ടിലേക്ക് യാത്ര പുറപ്പെട്ടു. രാവിലെ തന്നെ മുറിയിൽ നിന്നിറങ്ങി സെല്ലുലാർ ജയിൽ കാണാൻ പോയി. അവിടെ ഞങ്ങളുടെ കൂടെ ഒരു മലയാളി ഗൈഡ് ആണ് ഉണ്ടായിരുന്നത്. അദ്ദേഹം അതിന്റെ ചരിത്രം എല്ലാം നല്ലപ്പോലെ വിശദീകരിച്ചു പറഞ്ഞു തന്നു.

ബ്രിട്ടിഷുക്കാരുടെ കാലത്ത് കുറ്റവാളികളായ ഒരു ഇന്ത്യക്കാരനും ആ ജയിലിൽ നിന്ന് പുറത്തുകടക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെയാണ് അതിന്റെ നിർമ്മാണം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി അവിടെ തടവിലാക്കപ്പെട്ട എല്ല മഹാത്മാക്കളുടെയും ഫോട്ടോ ഒരു ചില്ലുക്കൂട്ടിൽ പ്രദർശിപ്പിച്ച് വെച്ചിട്ടുണ്ട്. പിന്നെ മ്യൂസിയവും ഉണ്ട്. ജയിൽപ്പുള്ളികൾക്ക് എങ്ങനെയാണ് ആ കാലത്ത് ശിക്ഷ കൊടുത്തിരുന്നതെന്ന് ഞങ്ങളുടെ കൂടെയുള്ള ഗൈഡ് ഞങ്ങൾക്ക് പറഞ്ഞു തന്നു. കുറ്റവാളികളെ തൂക്കിക്കൊല്ലുന്ന സ്ഥലത്തെല്ലാം ഞങ്ങൾ പോയി. അവിടെയെല്ലാം പോയപ്പോൾ മനസ്സിന് വല്ലാത്തൊരു വിഷമമായിരുന്നു. ഇവർ ഇത്രയും കഷ്ട്ടപ്പെട്ടിട്ടാണല്ലോ നമ്മൾ ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യം എന്നോർത്ത് എല്ലാം മഹാത്മാക്കാളേയും തലകുനിച്ച് വന്ദിച്ച് അവർക്ക് വേണ്ടി ഒു മിനിറ്റ് നേരം പ്രാർത്ഥന നടത്തി. ഞങ്ങൾ നേരെ വിമാനത്താവളത്തിലേക്കു തിരിച്ചു. ഉച്ചയ്ക്ക് 1 മണിക്കായിരുന്നു വിമാനം.

ദിനലക്ഷമി

# നഷ്ടങ്ങളിലെ പ്രകാശം

കണ്ണടച്ചു ഉറക്കുന്നതിനു മുമ്പാണ് വീട്ടിൽ വെള്ളം കയറിയത്. വീടിൻെറ പടിവരെ വെള്ളം തലേന്ന് വന്നെങ്കിലും ഇന്നത്തെ കാഴ്ച അതല്ല. മൂന്ന് ദിവസത്തെ പട്ടിണിയകറ്റാൻ ഇന്നാണ് മെല്ലെ എന്തെങ്കിലും കിട്ടിയത്.അടുപ്പത്ത് പാകം ചെയ്യാൻ വെച്ചതുമാത്രം ഓർമ്മയുണ്ട്.പെട്ടന്നാണ് ആരോടോ ദേഷ്യം തീർക്കാനെന്നമട്ടിൽ വെള്ളംഇരച്ചു കയറിയത്. ഉടുതുണിക്ക് മറുതുണിയില്ലാത്ത അവസ്ഥ. കൈയ്യിൽ കിട്ടിയതെല്ലാം എങ്ങനെയൊക്കയോ ഒരു കെട്ടിലാക്കി.തന്റെ മകന്റെ ചിത്രമാണ് ആദ്യം ആ അമ്മ എടുത്തത്.നാലുപാടും മറച്ചുകെട്ടിയ ഒരു ഷെഡിൽലായിരുന്ന അമ്മയുടെ താമസം.സ്വന്തമെന്ന് പറയാൻ അതുമാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ ....അതും നഷ്ടമായി....നഷ്ടങ്ങൾ മാത്രമുള്ള ജീവിതത്തിൽ ഇതാ വീണ്ടും ഒരു നഷ്ടംകൂടി...ആ അമ്മ ഒരുപാടു തവണ അലറി വിളിച്ചു. പക്ഷേ ആരും കേട്ടില്ല.വിശപ്പും ദാഹവും സഹിക്കവയ്യാതെ ഏത് നിമിഷവും തളർന്നു വീഴും എന്ന അവസ്ഥയിലാണ് അമ്മ.പക്ഷേ പിടിച്ചു നില്ക്കാൻ പ്രതീക്ഷ നല്കുന്നത് മകൻെറ പുഞ്ചിരിച്ചു നില്ക്കുന്ന ആ ചിത്രമാണ്.അമ്മ ആ ചിത്രം നെഞ്ചോടു ചേർത്തു....കണ്ണിൽ കണ്ണീർ പൊങ്ങി.മുത്തുകൾപോലെ അവ പൊഴിയാൻ തുടങ്ങി. മകനെ...ഒരു നിമിഷം കണ്ണടച്ചു ആ അമ്മ വിളിച്ചു..........ഓർമ്മകൾ അമ്മയെ തന്റെ വിചിത്രലോകത്തേക്ക് കൂട്ടികൊണ്ട് പോയി.........

ഹൃദയരോഗമൂലമുള്ള അമ്മയുടെ മരണമായിരുന്നു ആദ്യത്തെ നഷ്ടം.മദ്യ പാനിയായിരുന്ന അച്ഛൻതന്നെ ഉപേക്ഷിക്കുകയും ചെയ്തു.അയൽക്കാരുടെ സഹായത്തോടെ കല്യാണം നടത്തി. രണ്ടു വർഷത്തിനു ശേഷം ഒരു മകനും ജനിച്ചു .മകന്റെ രണ്ടാം വയസിലായിരുന്ന ഭർത്താവിൻെറ മരണം.വളരെയധികം ബുദ്ധിമുട്ടിയാണ് ആ അമ്മ മകനെ വളർത്തിയത്.ഒരിക്കൽ മകന് പുത്തനുടുപ്പ് വാങ്ങുവാൻ വേണ്ടി ആ അമ്മ മകനേയും കൂട്ടി പോയതായിരുന്നു.തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടം

സംഭവിക്കുന്നത് അങ്ങനെയാണ്.എപ്പോഴും മകൻെറ കൈ വിടാതെ പിടിക്കുന്ന അമ്മ പക്ഷേ അന്ന് എന്തോ ഒന്ന് നോക്കുവാൻ വേണ്ടി ഒരു നിമിഷം കൈവിട്ടു.തിരിഞ്ഞുനോക്കുമ്പോൾ മകനെ കാണുന്നില്ല അവിടെ മുഴുവൻ തിരഞ്ഞു.ഒരു ഭ്രാന്തിയെപോലെ അലറി കരഞ്ഞു.പക്ഷേ മകനെ കണ്ടെത്താൻ മാത്രം ആയില്ല.അവിടുന്നു അങ്ങോട്ടാണ് തന്റെ കഷ്ടകാലം തുടങ്ങുന്നത്..........നാലാമത്തെ വയസിൽ മകനെ നഷ്ടപ്പെട്ടൊരു അമ്മ ഇപ്പോൾ ഇരുപത് വർഷം കഴിഞ്ഞിരിക്കുന്നു.മകൻെറ മുഖം മനസ്സിൽ നിന്നും മറക്കാനാവുന്നില്ല.........കണ്ണടച്ച് കണ്ണീരൊഴുക്കി ആ അമ്മ മകനെ ഓർത്തുകൊണ്ടേയിരുന്നു.

പെട്ടന്നാണ് ഒരു വഞ്ചിയിൽ രണ്ടുമൂന്നുപേർ ആ അമ്മയെ കൂട്ടാൻ വന്നത് .കൈയ്യിൽ മകന്റെ ചിത്രം അമർത്തി പിടിച്ച് അമ്മ യാത്രയായി.ദുരിതാശ്വാസ ക്യാംപിലേക്ക്....

അവിടെ അമ്മയെ പോലെതന്നെ സർവ്വതും നഷ്ടപെട്ട ഒട്ടേറെ പേരുണ്ടായിരുന്നു.മകന്റെ ചിത്രം കൈയ്യിൽ പിടിച്ചുകൊണ്ട് അമ്മ ഒരു മൂലയിൽ പോയിരുന്നു. ദുരിതാശ്വാസ ക്യാംപിലേക്ക് സാധനങ്ങൾ എത്തിക്കാനും മറ്റും കുറേപേർ സജീവമായി പ്രവർത്തിക്കുന്നു.അതിലൊരാൾ എന്നും അവിടെ വരാറുണ്ടായിരുന്നു. എല്ലാവർക്കും ധൈര്യം പകർന്നു നല്കി അവരെ സന്തോഷിപ്പിച്ചുകൊണ്ടേയിരുന്നു.അയാളുടെ സാമീപ്യം ആ അമ്മയ്ക്ക് വലിയൊരു ആശ്വാസമാണ് നല്കിയത് അയാളുടെ സംസാരവും കരുതലും ലഭിക്കുമ്പോൾ അമ്മയുടെ നെഞ്ച് പ്രകാശ പൂരിതമാകുന്നത് ആ അമ്മ അനുഭവിക്കാൻ തുടങ്ങി.”അമ്മയുടെ മക്കളൊക്കെ എവിടെയാ?”ഒരു ദിവസം അയാൾ ചോദിച്ചു.ചോദ്യം കേട്ടതും അമ്മയുടെ മുഖം കാർമേഘങ്ങൾപോലെ കറുത്തിരുന്നു.ഒന്നും പറയാനാവാതെ ആ അമ്മ വിതുമ്പി.”എന്തുപറ്റി അമ്മേ..........”തന്റെ കൈയ്യിലുണ്ടായിരുന്ന മകന്റെ ചിത്രം അയാളെ കാണിച്ചുകൊണ്ടു പറഞ്ഞു "ഇതാണന്റെ മകൻ.ഇപ്പോൾ എവിടെയാണെന്നറിയില്ല...ഇരുപതു വർഷമായി".ആ ചിത്രം നോക്കിയതും മകൻ അമ്പരുന്നു.ഇത്രയും വർഷമായി താൻ അന്വേഷിച്ച

നടക്കുന്ന തന്റെ അമ്മയാണ് മുൻമ്പിൽ. മനസിനുള്ളിലേക്ക് വെളിച്ചം ഇടിച്ച് കയറി.എന്ത് കൊണ്ടോ..കരഞ്ഞു."അമ്മേ....."സ്നേഹം തുളുമ്പുന്ന കണ്ണീരോടെ അയ്യാൾ വിളിച്ചു..."അതു ഞാനാണമ്മേ..."അമ്മയുടെ ഹൃദയമിടിപ്പ് വർധിക്കാൻ തുടങ്ങി.അതേ.ഇതുതന്റെ മകൻ തന്നെയാണ്.തന്റെ മിഴികൾക്കും ഹൃദയത്തിനും പ്രകാശം നല്കുന്ന വൻതന്നെയാണ് തന്റെ മകൻ.ഒരമ്മയെന്ന നിലയിൽ മകനെ അവർ തിരിച്ചറിഞ്ഞു."മകനേ..."ഒരുപാടു നാളത്തെ കാത്തിരിപ്പിനുശേഷം വിളിക്കുന്ന വാല്സല്യമേറിയ വിളി...ആ അമ്മ ഒരു നിമിഷം ചിന്തിച്ചു....ആനന്ദാശ്രുക്കൾ പൊഴിച്ചു......ഇനിഒരിക്കലും വിടില്ലെന്ന മട്ടിൽ അമ്മ മകനെ ഇറുക്കിപിടിച്ചു.സ്നേഹത്തോടെ ഒരുമ്മ നല്കി ഒരുപാട്നാളത്തെ കാത്തിരിപ്പായതിനാൽ ആ സന്ദർഭത്തിനു മറ്റേതിനേക്കാളും സുഖമുണ്ടായിരുന്നു.ഒരു പ്രളയം മറ്റുള്ളവരുടെ ജീവിതത്തിലെ നഷ്ടങ്ങൾക്കുകാരണമായപ്പോൾ അത് തനിക്ക് തന്നത് തൻെറ ജീവനാണ്.

അതു കണ്ട്നിന്നവരുടെ കണ്ണുകളെല്ലാം ഈറനണിഞ്ഞു......വീട്ടിലേക്കുള്ള മടങ്ങിയാത്രയിൽ ഇനി തനിക്കൊപ്പം മകനുമുണ്ടാവും...അന്നുമാത്രമല്ല ഇനി അങ്ങോട്ട് എന്നും......

ശീതൾ ബി

# വിലമതിക്കാനാവാത്ത ബന്ധങ്ങൾ

തിരക്കേറിയ നഗരം, നാനാവിഭാഗത്തിലുള്ള മനുഷ്യർ ഹോട്ടലിൽ നിന്നും പുറത്തേക്കെറിയുന്ന മാല്യന്യങ്ങളുടെ കുന്പരം.ആദ്യമായി നഗരത്തിൽ പ്രവേശിക്കുന്ന ഒരു ബാലൻ അയാൾ ബസിൽ നിന്നിറങ്ങിയശേഷം ചുറ്റുംമൊന്നുംകണ്ണോടിച്ചു. ഗ്രാമത്തിന്റെ പച്ചപ്പ് മാത്രം കണ്ട് ജീവിച്ച അവന് ഇതൊരു പുത്തനറിവും കൗതുകവുമായിരുന്നു.വീട്ടിലെ ബുദ്ധിമുട്ട് കാരണം ആണ് ആ പതിനാലു വയസുകാരൻ നഗരത്തിൽ ജോലിക്കു വന്നത് അസുഖം ബാധിച്ചു കിടക്കുന്ന അച്ഛൻ. വീട്ട് ജോലിയോടുത്ത് വീടുനോക്കുന്ന അമ്മ. ഇളയ രണ്ടു സഹോദരിമാർ അമ്മ എത്ര കാലം എന്നു വെച്ചു ജോലി ചെയ്യും. തന്റെ വീടിനൊരു തണലാവാനാണ് ആ കൊച്ചു ബാലൻ നഗരത്തിലെ തിരക്കേറിയ ജീവിതത്തിലേക്ക് കടക്കുന്നത്. ഒരു ജോലി വേണം, സമ്പാദിക്കണം വീട്ടിലെ ദാരൃദ്ര്യം മാറ്റണം,അനുജത്തിമാരെ കെട്ടിച്ചയക്കണം . ആ കുടുംബത്തിലെ വലിയൊരുപ്രതീക്ഷയാണ് അവർ അവനിൽ അർപ്പിച്ചിട്ടുള്ളത്. അവൻ ഒരു നിമിഷം ചിന്തിച്ചു. തന്റെ ഗ്രാമവും മലകളും, പുഴകളും,പാടവും എല്ലാം അവന്റെ മുന്നിൽ മിന്നി മറഞ്ഞു.അവൻ മുമ്പോട്ട് നീങ്ങി.പലരോടും അവൻ ഒരു ജോലിയെക്കുറിച്ച് അന്വേഷിച്ചു.പക്ഷേ പലരും അവനെ  ശ്രദ്ധിച്ചുപ്പോലുമില്ല .നേരം രാത്രിയായികഴിഞ്ഞു താനൊന്നും കഴിച്ചിട്ടില്ല എന്നകാര്യം അവനോർത്തു. ഒരു പീടികയുടെ കോലായിൽ അവൻ കിടന്നു.വിശപ്പ് അവനെ അവിടെകിടക്കാൻ അനുവദിച്ചില്ല. അവൻ നേരത്തെ കണ്ട ഹോട്ടലിൻെറ പിന്നാമ്പുറത്തേക്ക്  പോയി കുട്ടിയിട്ട മാല്യന്യത്തിൽ കഴിക്കാൻ പാകത്തിന് വല്ലതും ഉണ്ടോ എന്നു തിരഞ്ഞു. പെട്ടെന്ന് ഒരു മനുഷ്യൻ അവൻെറ പിറകിൽ വന്നു കൈവെച്ചു.അവൻ തിരിഞ്ഞുനോക്കി മാന്യമായിവസ്ത്രം  ധരിച്ച ഒരാൾ. അദ്ദേഹം അവനോട്  അയാളുടെ കൂടെ വരാൻ പറഞ്ഞു ജീവിതത്തിൽ പ്രത്യേകിച്ച് പ്രതീക്ഷ ഒന്നും

തന്നെയില്ലാത്ത അവൻ അയാളുടെ കൂടെ പോയി. അയാളുടെ പേര് കിഷൻ ചന്ദ്. സ്വന്തമായിട്ടൊരു ഹോട്ടലുണ്ട് അയാൾക്ക് . അയാൾ അരുണിനെ ഹോട്ടൽ ജോലിക്ക് നിർത്തി.പാത്രം കഴുകലും ടേബിൾ തുടക്കലുമായിരുന്നു അയാളുടെ ജോലി. ശമ്പളത്തിലെ വലിയൊരുഭാഗം അവൻ നാട്ടിലേക്കയച്ചു കഷ്ടിച്ച് അവൻെറ ചിലവും കഴിച്ചു.വർഷങ്ങൾ ഏറെ കൊഴിഞ്ഞു വീണു .ഇപ്പോൾ പണ്ടത്തെ അരുൺ വെറും അരുണല്ല.ഹോട്ടൽ മാനേജർ അരുൺ കുമാർ. കിഷൻ ചന്ദിൻെറ മകളെ വിവാഹം കഴിക്കുകയും അദ്ദേഹത്തിൻെറ മരണാനന്തരം ഹോട്ടൽ ഉടമ ആവുകയും ചെയ്തു.എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ അവൻ ഓർത്തു.അയ്യാൾ നാട്ടിലേക്ക് പോയിട്ട് ഏറെ വർഷം കഴിഞ്ഞു. പണം അയച്ചു കൊടുക്കുന്നുണ്ട് എന്നാലും ഒരു കത്ത് പോലും എഴുതാറില്ല.നാട്ടിലെ വിവരങ്ങൾ അറിയാൻ അവൻ ഒട്ടും താല്പര്യമില്ലാതെയായി അങ്ങനെയിരിക്കെ കച്ചവടവുമായി ബന്ധപ്പെട്ട് അത്യാവശ്യമായി അവന്റെ ഗ്രാമമായ കഞ്ഞിപ്പാറയിലേക്ക് അവന് യാത്ര പോകേണ്ടിവന്നു. ഗ്രാമത്തിലെ ഓർമകൾപോലും അവനിൽ അപ്പോൾ അവശേഷിച്ചിട്ടുണ്ടായിരുന്നില്ല.അങ്ങനെ അവൻ നാട്ടിലെത്തി ഗ്രാമം പണ്ടത്തെക്കാളും ഒരുപാട് വികസിച്ചു കഴിഞ്ഞിരുന്നു.ചായക്കട ഉണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ ഫൈസ്റ്റാർ ഹോട്ടലുകളാണ്.അവൻ കച്ചവടവുമായി ബന്ധപ്പെട്ടകാര്യം നിർവ്വഹിച്ചശേഷം പതിയെ നടന്നു നീങ്ങി. ഗ്രാമം മുഴുവനും വികസിച്ചു. എന്നാലും തൻെറ വീട് നിന്നിരുന്നഭാഗം അങ്ങനെ തന്നെ കിടപ്പുണ്ട് അവൻ വീടിനകത്തേക്കുകയറി അവനെ ഒത്തിരി വേദനിപ്പിക്കുന്ന കാഴ്ച കണ്ടു മകൻെറ ഫോട്ടോയും നെഞ്ചോട് ചേർത്ത് കിടക്കുന്ന അമ്മ. അവനെ കണ്ടതും അമ്മയും സഹോദരിമാരും ആനന്ദാശ്രുക്കൾ പൊഴിച്ചു. അവൻെറ കണ്ണുകളിൽ ഈറനണിഞ്ഞു അമമ പറഞ്ഞു നീ വന്നല്ലോ മോനെ ഞങ്ങൾക്കിത്രയുംമതി അവൻ ചോദിച്ചു "അച്ഛൻ" അമ്മ പറഞ്ഞു ഒന്നരവർഷം മുൻപ് സങ്കടം സഹിക്കവയ്യാതെ അവൻ ഇവിടെ ഇരുന്നു നീ അയച്ചുതരുന്ന പണം ഞങ്ങൾ തിരികെ അയക്കുമായിരുന്നു എന്ന് അമ്മ പറഞ്ഞപ്പോഴാണ് അവനുമനസ്സിലായത്. മതി ഇനി ഞാൻ

എങ്ങോട്ടുമില്ല എന്നവൻ പ്രതിജ്ഞ ചെയ്തു ശേഷിച്ചകാലം കുടുംബത്തോടൊത്ത് ഇവിടെ ജീവിക്കാം എന്നവൻ തീരുമാനിച്ചു. അവൻ വലിയൊരു പാഠം തന്റെ ജീവിതത്തിൽ നിന്ന് ഉൾകൊണ്ടു സ്വന്തം അമ്മയ്ക്കും മണ്ണിനും  ഭാഷയ്ക്കും സംസ്കാരത്തിനും പകരം വെക്കാൻ ഒന്നും ഇല്ല.

ലിയാന

# ലിംഗസമത്വം

സമകാലിക സമൂഹത്തിൽ ഏറെ പ്രസക്തിയുള്ള വാക്കാണ് "ലിംഗസമത്വം" ഈ ഭൂമിയിൽ എല്ലാവരും തുല്യരാണ്.സ്ത്രീയും,പുരുഷനും,ഭിന്നലിംഗക്കാരും ഈ സമൂഹത്തിൽ ഒരേ പരിഗണന ലഭിക്കേണ്ടവരാണ്.എന്നാൽ ആൺകോയ്മ കൊടികുത്തി പായുമ്പോൾ മറ്റു ലിംഗക്കാരുടെ അവകാശങ്ങൾ തടവറയിൽ അടക്കപ്പെടുന്നു.പുരുഷ കേന്ദ്രീകൃതമായി.ഈ സമൂഹം മാറുമ്പോൾ മറ്റു ലിംഗക്കാരുടെ സ്വപ്നങ്ങൾക്ക് പോലും പരിതികൾ നിശ്ചയിക്കേണ്ടി വരുന്നു.പ്രചീന കാലത്ത് നാം സ്ത്രിയെ ദേവതയായി കണക്കാക്കി,അവളെ ബഹുമാനിച്ചു.സ്ത്രി അമ്മയാണ്,ദേവിയാണ്,സഹോദരിയാണ് എന്നതെല്ലാം നാം കേട്ടു പഴകിയ പല്ലവിയാണ്.ഘോരഘോരമായ പ്രസംഗങ്ങളിൽ മാത്രമേ ഈ വാചകങ്ങൾ നാം കേൾക്കാറുള്ളു എന്നതാണ് സത്യം.ജീവിത യഥാർത്ഥ്യത്തിലേക്ക് കടക്കുമ്പോൾ ഈ വാചകങ്ങളുടെ പ്രസക്തി നാം വിസ്മരിക്കുന്നു.മനുഷ്യൻ കൃഷിപ്പോലുള്ള കായികാധ്വാനമായ മേഖലകളിലേക്ക് സ്വന്തം ജീവിതം വഴി തിരിച്ച് വിട്ടപ്പോൾ മുതലാവാം ഒരു പക്ഷേ സ്ത്രി പിന്നോട്ട് തള്ളപ്പെട്ടത്. ശാരീരികപരമായ ചില പരിമിതികൾ സ്ത്രിക്ക് ഉണ്ട്,എങ്കിൽ പോലും അത് മറികടക്കാനുള്ള മാനസിക ശേഷിയും അവൾക്കുണ്ട്.സ്ത്രിയെ നാം ബഹുമാനിക്കാൻ മറന്നുപോകുന്നത് കൊണ്ട് തന്നെയാണ്,അവർക്കെതിരെയുള്ള അതിക്രമങ്ങൾ ഇന്നും തുടർന്ന് കൊണ്ടേയിരിക്കുന്നത്.സൗമ്യയിലും, ജിഷയിലും ഡൽഹി പെൺകുട്ടിയിലും ആ പരമ്പര അവസാനിക്കുന്നില്ല.ഇവക്കുള്ള കാരണം നമ്മുടെ സമൂഹമാണ്.ഈ പീഡന കേസുകളിൽ പ്രതിസ്ഥാനത്ത് നിൽക്കേണ്ടത് നമ്മുടെ ചിതലരിച്ച ചിന്താഗതിയാണ്.ഒരു പെൺ കുട്ടി ജനിച്ചാൽ അവളെ കൊല്ലാൻ ശ്രമിക്കുന്ന അമ്മമാരുള്ള രാജ്യമാണ് നമ്മുടെ ഇന്ത്യ.ഒരു പെണ്ണ് വളർന്ന് തുടങ്ങുമ്പോൾ അവൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു.ഒരു സ്ത്രിയായതിനാൽ നീ അത് ചെയ്യരുത്,അല്ലെങ്കിൽ

ചെയ്യണം എന്ന് ഓരോ വീട്ടിലും മാതാപിതാക്കൾ ശ്രദ്ധിക്കുമ്പോൾ,താനൊരു സ്ത്രീയാണ് തനിക്ക് പിന്നിൽ നിൽക്കാനേ അവകാശമുള്ളൂ എന്ന ഒരു തെറ്റിദ്ധാരണക്ക് അവൾ പോലുമറിയാതെ അവൾ അടിമയാകുകയാണ്. ശാരീരികമായ വളർച്ച കൈ വരിച്ച് കഴിഞ്ഞാൽ പലപ്പോഴും അത് പെണ്ണിന്റെ സ്വാതന്ത്ര്യങ്ങൾ അവസാനിക്കാറായി എന്നതിന്റെ ചുവന്ന മുദ്രയായി മാറുന്നു.ശരീരത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് സമൂഹം അവളോട് പെരുമാറുന്ന രീതികളും മാറുന്നു.എത്ര മൂടിവെച്ചാലും അവളുടെ ശരീരത്തിലേക്ക് തുറിച്ചു നോക്കാൻ കഴുകൻ കണ്ണുകൾ ഉയരുമ്പോൾ അവൾ,അവളുടെ ശരീരത്തെ ബഹുമാനിക്കാൻ മറക്കുന്നു.ആർത്തവം അശുദ്ധിയോ.ജൈവിക പ്രക്രിയയോ എന്നതും നാം നമ്മുടെ യുക്തിക്ക് വിധേയമാക്കേണ്ട ചോദ്യമാണ്.ഇത്തരത്തിലുള്ള ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ ഒരു പുരുഷന് സ്ത്രീക്ക് നൽകാൻ കഴിയുന്ന ബഹുമാനത്തിന്റെ അളവ് വളരെ ചുരുങ്ങി പോകുന്നു. അപ്പോൾ തീർച്ചയായും സ്ത്രീക്ക് എതിരേയുള്ള അതിക്രമങ്ങൾ കുറയുകയില്ല.ആരാണ് സത്യത്തിൽ കുറ്റക്കാരൻ,പെമ്ണിന്റെ സ്വപ്നത്തിന് മതിലുകൾ തീർക്കുന്ന ഓരോ മാതാപിതാക്കളും, സ്വന്തം സഹോദരിയെ സംരക്ഷിച്ച് കൊണ്ട് മറ്റൊരാളുടെ സഹോദരിയുടെ ശരീരത്തീലേക്ക് കാമഭ്രാന്തോടെ ഉറ്റുനോക്കുന്ന ഓരോ സഹോദരനും,പണ്ണാണ് നീ എന്നത് ഒരു പഴിപ്പോലെ അവളിൽ ചുമത്തുന്ന ഓരോ വ്യക്തിയും യാഥാർത്ഥ്യത്തിൽ ഓരോ പീഡനങ്ങൾക്കും വളം വെച്ച് കൊടുക്കുകയാണ് സമൂഹത്തിൽ സ്ത്രീയെ അസഭ്യമായ ഭാഷയാലും, പ്രവൃത്തിയാലും കാർന്നു തിന്നാൻ വെമ്പുന്ന പിശാചുകളിൽ നിന്ന് രക്ഷനേടാൻ ആവരുത് അവൾ വസ്ത്രം ധരിക്കുന്നത്. താൻ എന്ത് വസ്ത്രം ധരിക്കണമെന്നു പോലും ഒരു പെണ്ണിന് സ്വയം നിഷശ്ചയിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവൾക്ക് മറ്റെന്ത് സ്വാതന്ത്ര്യമാണ് ഈ സമൂഹത്തിന് നൽകാൻ സാധിക്കുക എന്നത് ഒരു വലിയ ചോദ്യ ചിഹ്നമാണ്.പലപ്പോഴും മതങ്ങളും അവളെ മൗനിയാക്കുന്നു.എല്ലാ മതങ്ങളും സംരക്ഷിക്കേണ്ടത് പെണ്ണിന്റെ വിശുദ്ധിയെയാണ് മറിച്ച് അവളുടെ ചിറകുകളെ അരിയല്ല.

ഭിന്നലിംഗക്കാരേ എന്നും ഈ സമൂഹം ഒറ്റപ്പെടുത്തിയിട്ടേയുള്ളു.പുരുഷനായി ജനിച്ചിട്ടും ഉള്ളിൽ സ്ത്രീയായി ജീവിക്കുന്നവർ അല്ലെങ്കിൽ സ്ത്രീ ശരീരത്തിൽ പുരുഷ ഹൃദയം അണിയുന്നവരാണ് ഭിന്നലിംക്കാർ.വേഷംകെട്ടി പാട്ടും പാടി പണം കവരാൻ വരുന്ന രൂപങ്ങളായി അവരെ കാണുമ്പോൾ നാം അറുപ്പോടെ അവരെ നോക്കിയിരിക്കാം. എന്നാൽ ആ വേഷം കെട്ടിയാടാൻ അവർ ആഗ്രഹിച്ചതല്ല,ഈ സമൂഹം കോമാളിയാക്കി തീർത്തതാണ് എന്ന് നാം ഓർക്കണം.തന്റെ ലിംഗത്തെ അംഗികരിക്കാൻ കഴിയാതെ പോയ വീട്ടുകാർ അവരെ തെരുവുകളിലേക്ക് വലിച്ചെറിയുന്നു. തെരുവിൽ വേണ്ട ഭക്ഷണം ലഭിക്കാതെ, പഠിക്കാനുള്ള അവകാശം ലഭിക്കാതെ, സ്ഥാപനങ്ങളിൽ ജോലി നിഷേധിക്കുമ്പോൾ അവർക്ക് മുന്നിൽ ആകെയുള്ള മാർഗമാണ് ആ വേഷം കെട്ടലുകൾ. പുരുഷനും സ്ത്രീയും മാത്രമാണ് മനുഷകുലത്തിൽ പിറന്നതെന്ന് നാം കണക്കാക്കുന്നുള്ളു.സ്വന്തം അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ഇരുട്ടിലേക്ക് ഇവരുടെ ജീവിതങ്ങൾ വഴി മാറി സഞ്ചരിക്കുന്നു.സമൂഹത്തില്റ മുന്നിലേക്ക് ഭിന്നലിംഗക്കാർ ഇന്ന് ഉയർന്ന് വരുന്നുണ്ടെങ്കിലും അവരെ മനുഷ്യരായി പരിഗണിക്കാൻ ഇന്നും നമ്മുടെ സമൂഹം സമ്പൂർണമായി തയ്യാറായിട്ടില്ല അവർക്കും അവകാശങ്ങളും വേദനയും, ദുഃഖങ്ങളും ഒക്കെയുണ്ട് എന്ന് ശകാരങ്ങളുടെ മുൾമുനകൾ അവർക്ക് നേരേ എറിയുമ്പോൾ നാം ഓർക്കണം.

ലിംഗങ്ങളുടെ പേരിൽ സമത്വം നിലനിൽക്കാത്ത ഒരു സമൂഹത്തിന് ഉന്നതി കൈ വരിച്ചു എന്ന് നമുക്ക് പറയാൻ കഴിയൂ.പിന്നിൽ നിൽക്കുന്നവർക്ക് മുന്നോട്ട് വരാൻ അവസരങ്ങളാണ് ആവശ്യം .മനുഷ്യലെ അവന്റെ ഹൃദയോന്നതിയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ അംഗികരിക്കാൻ ഒരു സമൂഹത്തിന് സാധിക്കണം.

**പഞ്ചമി**

# പ്രകൃതി കാമുകൻ

പ്രകൃതി ഇന്ന് വെറുമൊരു പാക്കായി ചുരുങ്ങിയ തെങ്ങനെ? പ്രകൃതി എന്തെന്നുപോലും അറിയാതെ ഒരു പുതു തലമുറയാണ് ഇന്ന് വളർന്നു വരുന്നത്. സ്മാർട്ട് ഫോണിൻറെയും ഇൻറർനെറ്റിൻെറയും മുമ്പിലിരിക്കുന്ന കുട്ടികളാണ് ഇന്ന് വളർന്നുവരുദൈവത്തിൻറെ വരദാനമാണ് പ്രകൃതി എന്നു മനുഷ്യൻ എന്നാണ് തിരിച്ചറിയുക? അതിനെ പരിചരിക്കുന്നതിന് പകരം ചൂഷണം ചെയ്യുന്നവരാണ് മനുഷ്യൻ. അതും പലതരത്തിൽ മരങ്ങൾ വെട്ടിമാറ്റുന്നു, പാഠങ്ങളും, മലകളും നിരത്തുന്നു. ഇങ്ങനെ പല രീതികളിലും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. പാഠങ്ങൾ നികത്തുന്നതു കൊണ്ട് നമ്മൾ ഇന്ന് മറ്റു സംസ്ഥാനങ്ങളെ വേണ്ടിവരുന്നു. പാഠങ്ങൾ നികത്തുന്നതു കൊണ്ട് നമ്മൾ ഇന്ന് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. മലകളാൽ സമ്പന്നമായ നമ്മുടെ നാട് ഇന്ന് വലിയ വലിയ കെട്ടിടങ്ങൾ ആൽ സമ്പന്നമാണ്. അങ്ങനെ നമ്മളൊരു വലിയ ദുരന്തത്തിന് സാക്ഷികളായി മാറി.' വെള്ളപ്പൊക്കം' കേരളം കണ്ടതിൽ വെച്ച് ഏറ്റവും തീവ്രമായ ഒന്നാണ്.

" നമ്മൾ പ്രകൃതിയെ നശിപ്പിച്ചപ്പോൾ നമ്മൾ ആലോചിച്ചില്ല
മഴ എന്ന ഒരു കാമുകൻ പ്രകൃതിക്ക് ഉണ്ട് എന്ന്."

**കാവ്യ വി**

# നിന്നെ ഞാൻ എന്തു വിളിക്കും

നിരാഹാരമെന്ന് കേൾക്കുമ്പോഴേ ആരുമൊന്ന് ഞെട്ടും. കുട്ടുകാർക്ക് എത്രനേരം ഭക്ഷണം കഴിക്കാതെ കാസറ്റും? ഒന്ന്....രണ്ട്.....മൂന്ന്..... രണ്ടുദിവസം കഷ്ടിച്ച്, പിന്നെ വയ്യ കടുക് വറുക്കുന്നതിൻെറയും മീൻ പൊരിക്കുന്നതിലൻെറയും മണമടിച്ചാൽ മതി , വായയിൽ കപ്പലോടിക്കാൻ. അപ്പോഴാണോ ആഹാരം?

എങ്കിലും, മനുഷ്യർക്ക് ഭക്ഷണമൊന്നും കഴിക്കാതെ ഒരു മാസം വരെയെങ്കിലും കഷ്ടിച്ച് പിടിച്ചുനിൽക്കാം. ക്ഷീണം കൊണ്ട് ശരീരം കുഴഞ്ഞ് കിടന്നു പോകും എന്നേയുള്ളൂ. കണ്ണിൽ ഇരുട്ടും കയറും.

എന്നാൽ വെള്ളം കുടിക്കാതെയോ? ഏറിയാൽ ഒരാഴ്ച. അത് കഴിഞ്ഞാൽ പറ്റില്ല. പൊന്നു തരാമെന്നു പറഞ്ഞാലും, ഇല്ല, പറ്റില്ല. ശരീരത്തിൻറെ അഞ്ചിലൊന്നും ജലം നഷ്ടപ്പെട്ടാൽ പിന്നെ ആർക്കും രക്ഷിക്കാൻ പറ്റില്ല. മരണം തന്നെ.

അതാണ്, ഈ വെള്ളത്തിൻറെ പ്രാധാന്യം. കണ്ടാൽ പഞ്ച പാവം." എന്നെ വെറുതെ വിട്ടേക്ക്, ഞാൻ ഇവിടെ എവിടെയെങ്കിലും കഴിഞ്ഞോളാം" എന്ന ഭാവം. പക്ഷേ ആള് വിഐപിയാണ്. വെള്ളമായി കുടിച്ചെങ്കിലും ചായ, കാപ്പി, പാൽ, ജ്യൂസ് എന്നിങ്ങനെയായി രണ്ടു ലിറ്ററോളം വെള്ളം ഒരുദിവസം നമ്മുടെ ശരീരത്തിലെത്തുന്നുണ്ട്. ശരീരത്തിനകത്തെ പല

പ്രവർത്തനങ്ങളും ശരിയായി നടക്കണമെങ്കിൽ, രണ്ടുദിവസം എട്ടു പത്ത് ഗ്ലാസ് വെള്ളമെങ്കിലും കുടിക്കണം.

പത്ത് ഗ്ലാസ്? അത് അധികമാണ്? മനുഷ്യശരീരത്തിൽ 60-70 ശതമാനവും വെള്ളമാണ്. തടിയൂർ പൊങ്ങച്ചവും ഒക്കെ ഉണ്ടെന്നേയുള്ളു.

ജീവൻ ഉള്ളവർക്കുമാത്രമേ വെള്ളം ആവശ്യമുള്ളൂ എന്ന് കരുതേണ്ട. ഉദാഹരണത്തിന്, ജീവനില്ലാത്ത ഒരു പട്ടുസാരി കുടിക്കുന്ന വെള്ളം എത്രയെന്ന് കണക്കുകൂട്ടി നോക്കണം. അത്ഭുതപ്പെടരുത്. ഒരു പട്ടുസാരി ഉണ്ടാക്കുവാൻ ഏതാണ്ട് 10000 ലിറ്റർ വെള്ളം വേണം. ഒരു പാക്കറ്റ് റൊട്ടി നമ്മുടെ ഭക്ഷണമേശയിൽ എത്തിക്കാൻ 600 ലിഫ്റ്റ്. ഗോതമ്പ് മുതൽ റൊട്ടി പൊതിയുന്ന കവർ ഉത്പാദിപ്പിക്കുന്നതു വരെയുള്ള ജലവിനിയോഗ ത്തിൻറെ കണക്കാണിത്. നല്ലൊരു കാർ നിരത്തിലൂടെ ഓടിക്കാൻ പാകത്തിൽ ആക്കാൻ വേണ്ടതും 3 ലക്ഷത്തി എൺപതിനായിരം ലിറ്റർ.

അതെ, ഒന്നിനും വെള്ളം കൂടാതെ പറ്റില്ല. മനുഷ്യശരീരത്തിൽ എന്തിനാണ് ഇത്രയും അധികം വെള്ളം? അവിടെ ഒഴുകുന്ന ചോരയില്ലേ? ഇതിലും പ്രാധാന്യ ഘടകം വെള്ളംതന്നെ. വെള്ളത്തിൻറെ ആവശ്യം ഇനിയുമുണ്ട്. ഇഷ്ടമുള്ള ഭക്ഷണം കിട്ടിയാൽ കുട്ടുകാർ വെറുതെ വിടുമോ? വർഗം അരച്ചും വേവിച്ചും ഉണ്ടാക്കിയ ഭക്ഷണം മുഴുവൻ ഒറ്റയടിക്ക് ചവച്ചും വിഴുങ്ങിയും അകത്താക്കി കളയില്ലേ ? അതൊക്കെയൊന്ന് അരച്ചു കലക്കി ദഹിപ്പിച്ച് എടുക്കേണ്ടേ ? ആവശ്യമില്ലാത്തതു

പുറത്ത്   കളയണ്ടേ ? ദഹനം നടന്നാലേ ആവശ്യത്തിനു ശക്തിയുണ്ടാകൂ . മരത്തിൽ കയറാനും ഓടിച്ചാടി നടക്കാനും ബൗണ്ടറി ലൈനിലേക്ക് സച്ചിൻ സ്റ്റൈലിൽ പന്ത്  വീശി അടിക്കാനും ഒക്കെ ശക്തി വേണം . മാത്രമല്ല , ഭക്ഷണത്തിനായി കാത്തുനിൽക്കുന്ന  അവയവങ്ങൾക്ക് അതു എത്തിച്ചുകൊടുക്കുകയും വേണം . ശരീരത്തിലെ മാലിന്യങ്ങൾ അപ്പപ്പോൾ  അരിച്ചു കളയണം . അതിനു ശരീരത്തിലെ അരിപ്പകളെ സഹായിക്കണം . ഇതിനൊക്കെ വിയർപ്പൊഴുക്കുന്നത് വെള്ളമാണ് ശരീരത്തിൽ നടക്കുന്ന രാസപ്രവർത്തനങ്ങളുടെ മേൽ ഒരു കണ്ണും വെയ്ക്കണം .

മൊത്തം മേൽനോട്ടം ; കുറെയേറെ ജോലികളും . കോശങ്ങളുടെ ആരോഗ്യവും സന്തുലിതാവസ്ഥയും നോക്കിനടന്ന് ഉറപ്പാക്കണം . ഇടയ്ക്ക് കുറച്ചധികം ഉപ്പ്  ശരീരം അകത്താക്കിയാൽ   ഉടൻ കുറേ വെള്ളത്തിന് ഓർഡർ കൊടുക്കും . എന്തൊക്കെ പണിയാണ് വെള്ളത്തിന് ?

ശരീരത്തിലെ ഒരു ഓൾറൗണ്ടറാണ് വെള്ളം . ഓൾറൗണ്ടർ വീണാൽ, കളി തോറ്റത്  തന്നെ .......!!!


# ആ തണലിൽ

അമ്മയുടെ മരണശേഷം അയാൾ ആദ്യമായാണ് തൻറെ നാട്ടിലേക്ക് പോകുന്നത്. തൻറെ നാടിനെയും വീടിനെയും കുറിച്ച് സംസാരിക്കുമ്പോൾ അയാക്ക് ഇന്നും എന്നും നൂറുനാവാണ്. അവിടെ കുറച്ചുദിവസം താമസിക്കാൻ പോകുന്നതിൽ അയാൾക്ക് അതിയായ സന്തോഷമുണ്ട് എന്നാൽ അമ്മയില്ലാത്ത വീടിനെക്കുറിച്ച് ആലോചിക്കുമ്പോൾ ആ കണ്ണുകൾ നിറഞ്ഞു. അച്ഛൻ മരിച്ചപ്പോൾ എല്ലാം തകർന്നു എന്ന് കരുതി എല്ലാവരും. എന്നാൽ അമ്മ ആ വീടിന് നെടും തൂണായി മാറി. തൻറെ മൂന്ന് മക്കളെയും അമ്മ പഠിപ്പിച്ച് വലിയ നിലകളിൽ എത്തിച്ചു. പക്ഷേ അമ്മ മരിക്കും മുമ്പ് അമ്മയെ ഒന്ന് നന്നായി ശുശ്രൂഷിക്കാൻ ആർക്കും കഴിഞ്ഞില്ല. മരിക്കുന്നതിന് ഒരുദിവസം മുമ്പ് അമ്മ മകനെ വിളിച്ച് സംസാരിച്ചതാണ്. മോനേ..... നിങ്ങൾ മൂന്നു പേരും പേരക്കുട്ടികളും ഒക്കെ ഒന്ന് ഒന്നിച്ച് കാണണമെന്നുണ്ട്. ഫോണിനു പുറത്തെ മൗനത്തിന് കാതോർത്ത് ദിന് ശേഷം അമ്മ പറഞ്ഞു, സാരമില്ല നിങ്ങൾക്കൊക്കെ ഒരുപാട് പോലെയുണ്ടാകും, അമ്മയ്ക്കറിയാം. അമ്മയുടെ ആ ചെറിയ ആഗ്രഹം പോലും സാധിച്ച് കൊടുക്കാൻ കഴിയാത്തതിൽ അയാൾക്ക് കുറ്റബോധമുണ്ട്. വീട്ടിൽ എത്തിയപ്പോൾ അയാൾ ആദ്യം ചെന്നത് മുറ്റത്തെ മാവിൻ ചുവട്ടിലെ കാണ്. ആ മാവിനും അമ്മയ്ക്കും മാത്രമേ അയാളുടെ കുട്ടിക്കാലത്തെ കുസൃതികൾ മുഴുവനും അറിയൂ. എത്രയോ തവണ ഈ മാവിന് ചുറ്റും വടിയുമായി എൻറെ പിറകെ അമ്മ ഓടിയതാണ്. എല്ലാം ഓർത്തപ്പോൾ ഒരു ചെറു പുഞ്ചിരി അയാളുടെ ചുണ്ടിൽ വിടർന്നു. മാമ്പഴക്കാലം

തുടങ്ങിയാൽ അയാളുടെയും സഹോദരങ്ങളുടെയും സ്ഥാനം എപ്പോഴും ആ മാവിന്റെ ചുവട്ടിൽ ആയിരിക്കും. പെട്ടന്ന് ആരോ അയാളുടെ തോളിൽ ഒന്ന് തട്ടി. ഓർമ്മകളിൽ നിന്ന് അയാൾ പിൻവാങ്ങി. അത് അയാളുടെ ചേട്ടൻ ആയിരുന്നു. അവർ ഇരുവരും വീട്ടിലേക്ക് പ്രവേശിച്ചു. അയാളുടെ ചേച്ചിയും കുടുംബവും രണ്ടുദിവസം മുമ്പേ തന്നെ അവിടെ എത്തിയിരുന്നു. അയാൾ ആ വീട്ടിലേക്ക് എത്തിയത് ഓർമ്മകളിൽ ഒരല്പം ദിവസം ജീവിക്കുക എന്നതിന് മാത്രമായിരുന്നു. എന്നാൽ ആളുടെ ചേട്ടനും ചേച്ചിയും വന്നത് മറ്റൊന്നിനായിരുന്നു. എല്ലാം വിൽക്കണം ലാഭം നേടണം. ഓർമ്മകൾ അവരുടെ തീരുമാനത്തെ അലട്ടിയിരുന്നില്ല. ഒരുപക്ഷേ ജോലി കാരണം യാത്രകൾ ആയി തീർന്ന അവരിൽ ഓർമ്മകൾ മരിച്ചിരിക്കാം. ചേട്ടനെയും ചേച്ചിയുടെയും തീരുമാനം കേട്ടപ്പോൾ അയാൾ ഒന്ന് ഞെട്ടി. അയാളുടെ മറുപടി മൗനം മാത്രം ആയിരുന്നു. അന്നുരാത്രി അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അയാൾ ആ ഇരുട്ടിലൂടെ മാവിൻ ചുവട്ടിലേക്ക് നടന്നു. പശ്ചാത്തലത്തിൽ ഒരു ഇളംകാറ്റ് വീശി കൊണ്ടിരുന്നു. അവിടെ എവിടെയോ അമ്മയുണ്ട് എന്ന് അയാളുടെ ഹൃദയം മന്ത്രിച്ചു. അയാൾ ആ മാവിൻ ചുവട്ടിൽ മെല്ലെ തല ചായിച്ചു. അമ്മയുടെ മടിയിൽ പണ്ട് കിടന്നിരുന്നത് അയാൾ ഓർത്തുപോയി. അമ്മയുടെ മടിയിൽ പണ്ട്കിടക്കാൻ അവർ മൂന്നുപേരും വഴക്കിടും ആയിരുന്നു. എന്നാണ് അമ്മയുടെ അവസാനകാലത്ത് കിടക്കാന് പേരും വഴക്ക് കൂടുമായിരുന്നു എന്നാൽ അമ്മയുടെ അവസാനകാലത്ത് .... ഇന്ന് അവർ എല്ലാം വില്ക്കണം എന്നുപറയുന്നു... ഈ വീടിന് ഒരു തുക നിശ്ചയിക്കാൻ ആർക്കാണ് കഴിയുക. അവരുടെ ഓർമകളും അവർക്ക് വിൽക്കാൻ സാധിക്കുമോ, അയാൾ ചിന്തിച്ചു.

അമ്മയുടെ കണ്ണുനീർ പോലെ ഒരു ഇല അയാളിലേക്ക് വീണു. തൻറെ അമ്മ ഇതെല്ലാം കണ്ട് കരയുകയാണ്. അയാൾ മനസിൽ ഒരു കാര്യം ഉറപ്പിച്ചു . അവർ എല്ലാം വിൽക്കട്ടെ ഈ വീട് മാത്രം ബാക്കി വെയ്ക്കണം അത് മാത്രം മതി അയാൾക്ക്. അത് ഒരിക്കലും ഒരു ലാഭ കച്ചവടമല്ല അയാൾക്ക്, പക്ഷേ പണം മാത്രം പോരല്ലോ ഒരാൾക്ക് ജീവിക്കാൻ. ഓർമ്മകളും വേണ്ടേ. നാളെ ഈ തീരുമാനം അറിയിക്കുമ്പോൾ അവർ അയാളെ ബുദ്ധി ശൂന്യൻ എന്ന് പറയും എന്നും അയാൾക്കറിയാം. അമ്മയുടെ മരണശേഷവും അമ്മയോടൊപ്പം ജീവിക്കാൻ ഭാഗ്യം മാത്രം മതി അയാൾക്ക്. അമ്മയുടെ സ്നേഹത്തിൻറെ തണലിൽ അയാൾ അന്ന് ആ മാവിൻ ചുവട്ടിൽ ഉറങ്ങി...

**ദേവപ്രിയ**


WHAT HAS ORIGINAL BEAUTY
what has orginal beauty?
I asked myself
for gems ,palace, forts,museums,.........
and goes on.........
no..no..no..
it doesn't feel like original beauty
then what is it ?what is it ?
Is it nature,
who has original beauty?
What do you think ?
Oh! yes it is nature, it is nature
The blooming flowers , big mountains
rustling leaves , waves of sea ,
light on the hills, darkness of the forest,
and goes on.....
it is nature ,
Who has original beauty
it is nature
-KAVYA V

# BREEZE

He is the messenger
which connects
the world to the sky
He is the one
who roams around
and spread the
message of love
He makes a heart overjoyed
A soul exited
He is a symbol of happiness
In his arrival
the meadows dance
the forest sings
He says the stories to them,
the stories of kindness
He makes the world happy

-Devatheertha

# PUZZLE

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| A | P | S | T | M | Q | W | S | P | C |
| B | M | S | E | P | M | L | O | O | P |
| T | L | M | U | Y | T | R | M | N | Y |
| O | R | A | S | L | Y | P | A | G | P |
| O | Q | N | P | I | U | S | R | I | R |
| L | Q | M | G | T | Y | A | E | M | I |
| K | I | T | E | R | O | A | W | P | N |
| O | R | R | G | P | I | P | Q | K | T |
| S | U | V | P | A | S | M | P | M | E |
| P | C | E | D | C | P | U | E | S | R |

- COMPUTER
- KITE
- PRINTER
- CPU
- LOOP
- TOOL


DEVAPRIYA K


നിറങ്ങളുടെ ലോകം


PARVATHI NAMBIAR
VII-C


PARVATHI NAMBIAR
VII-C


PARVATHI NAMBIAR
VIII-C


JILGA SAGAR S_J
9 F


PARVATHI NAMBIAR
VIII-C


PARVATHI NAMBIAR
VII-C


little
KITEs



# കൃതജ്ഞത

വിത്ത് മുളപൊട്ടി ചെടിയായിത്തീരുന്നതു പോലെ ഭാവന ചിറക് വിരിയിച്ച് ആകാശത്തോളമെത്തി നിൽക്കുന്ന ദൂരക്കാഴ്ച, ഭൂമിയ്ക്കടിലെ വറ്റാത്ത നീരുറവ പോലെ ആശയ പ്രവാഹങ്ങളുടെ നീരൊഴുക്ക ്,സർഗ്ഗവാസനയും സാങ്കേതികതയും ഉൾച്ചേർന്ന സൗന്ദര്യം,അപൂർണ്ണതയിലെ ആ സൗന്ദര്യം AURORAആണ്. പെയ്തിട്ടും പെയ്തു തീരാത്ത മഴപോലെ ഒത്തിരിയേറെ പറയാനിനിയുമുണ്ട്.എന്നാലും മൂല്യങ്ങൾ ഉൾച്ചേർന്ന രചനകൾ ഉൾക്കൊള്ളിക്കാനായതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ യാത്രയിൽ കൂടെച്ചേർന്ന സുമനസ്സുകൾ അനേകരുണ്ട് .ഞങ്ങളെ നയിക്കുകയും ഞങ്ങൾക്കായി സന്ദേശം നല്കുകയും ചെയ്ത പ്രധാനധ്യാപിക,പ്രേചോദനവും പ്രോത്സാഹനവും തന്ന സഹപ്രവർത്തകർ,രചനകൾ തന്ന് സഹായിച്ചവർ,സാങ്കേതിക വിദ്യയുടെ അനുഭവം പകർന്നു തന്നവർ,ഇനിയും ഒത്തിരിയേറെപ്പേർ.................... അവരെയെല്ലാം കൃതജ്ഞതയോടെ ഓർക്കുന്നു.

എഡിറ്റർ

ശ്രീമതി നീനു ഫ്രാൻസിസ്


PARVATHI NAMBIAR
VIII-C